# TRICHUR ARCHDIOCESAN BULLETIN

2024 ഡിസംബർ | വാല്യം: 91 | ലക്കം: 12




**യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്** (ലൂക്കാ 1, 35)



തൃശ്ശൂർ അതിരൂപതയുടെ മദ്ധ്യസ്ഥയായ

**പരിശുദ്ധ അമലോത്ഭമാതാവിന്റെ**

**തിരുനാൾ മംഗളങ്ങൾ**

**ഡിസംബർ 08**

# Trichur Archdiocesan Bulletin TAB

ESTD:1934

**ഡിസംബർ 2024**

ലക്കം: 12 | വാല്യം: 91

12



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Daijo Poruthur**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 08 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 12 |
| സഹായമെത്രാന്റെ പരിപാടികൾ | 14 |
| നാളാഗമം | 17 |
| നാമകരണ നടപടികൾ | 22 |
| വൈദികർ | 26 |
| സന്യസ്തർ | 28 |
| വിശ്വാസ പരിശീലനം | 34 |
| സ്ഥാപനങ്ങൾ | 38 |
| സംഘടനകൾ | 57 |




# 1 സർക്കുലർ

## പി.ഒ.സി.
## കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

No. 4063/K-5/KCBC/OL/DS
08.11.2024

## ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും

സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ’ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസം മുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22‘‘‘ബൈബിൾ ഞായറായും’’ ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ഒരുങ്ങുകയാണ്. കേരള സഭ’മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽനിന്നുള്ള ‘‘പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല’’ ‘spes non confudit’ എന്ന

തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെര ഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാ മെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാടമായ' (cf യോഹ 10,7-9) യേശുക്രിസ്തുവുമാ യുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസര മാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോ ഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന ''പ്രത്യാശ'' നമ്മെ വഴിനടത്തുന്നു. ഈ ''പ്രത്യാശ'' ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശ'യായ' (1 തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. ''കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യ മവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ'' (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാ സിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടു ത്താത്ത നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ സുവിശേ ഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാ നുള്ളത്. ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചന ത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണ മാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവ ചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' എന്ന തിരുവെഴുത്തിന്റെ അടിസ്ഥാന ത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരാ യണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈ ബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ

അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് – വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡ പാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22–ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25–ാമത് ലോഗോസ്

ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
*വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
*വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

NB: 2024 ഡിസംബർ 22-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ഡിസംബർ 2024**

1 : മംഗളവാർത്ത ഒന്നാം ഞായർ
ഇരുപത്തിയഞ്ച് നോമ്പാരംഭം
3 : വി. ഫ്രാൻസിസ് സേവ്യർ
6 : ആദ്യവെള്ളി
7 : വി. അംബ്രോസ്
8 : മംഗളവാർത്ത രണ്ടാം ഞായർ
പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ
14 : കുരിശിന്റെ വി. യോഹന്നാൻ
15 : മംഗളവാർത്ത മൂന്നാം ഞായർ
18 : മൈലാപ്പൂരിലെ അത്ഭുതസ്ലീവ
22: മംഗളവാർത്ത നാലാം ഞായർ
25: ന. കർത്താവീശോമിശിഹായുടെ പിറവിതിരുനാൾ
26: വി. എസ്തപ്പാനോസ്
27: വി. യോഹന്നാൻ ശ്ലീഹ
28: കുഞ്ഞിപൈതങ്ങൾ
29: പിറവി ഒന്നാം ഞായർ
തിരുക്കുടുംബം
31: വർഷാവസാനം

**2. ഡിസംബർ മാസത്തെ പരിപാടികൾ**

8 : ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ
9 : ഫിനാൻസ് കൗൺസിൽ (07:00 pm)
12 : ആലോചനസമിതിയോഗം (10:00 am)
വൈദികസമിതിയോഗം (02:30 pm)
13 : കാരുണ്യദിനം (പിതാക്കന്മാരുടെ ജന്മദിനം)
16-19 : ഡീക്കന്മാർക്കുള്ള ക്ലാസ്സ്
20: ട്രൈബ്യൂണൽ + കൂരിയ മീറ്റിംഗ്
23: ക്രിസ്തുമസ്സ് ഈവ് (ആർച്ചബിഷപ്സ് ഹൗസ്)
25: ക്രിസ്തുമസ്സ്
27: ബോൺ നത്താലെ
29: ജൂബിലി വർഷം ഉദ്ഘാടനം

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം:**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി:**

2024 ഡിസംബർ 22 മുതൽ 2025 ജനുവരി 6 വരെ അതിരൂപത കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. കാരുണ്യനിധി കവർ:**

കാരുണ്യനിധിയുടെ കവറുകൾ തയ്യാറായിട്ടുണ്ട്. ഇടവകകളിലേക്ക് എത്തിക്കുന്നതാണ്.

**7. തിരുപ്പട്ടസ്വീകരണങ്ങൾ:**

അതിരൂപതക്കുവേണ്ടി 2024 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 16 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

1. ഡീ. ബ്രിൽവിൻ ഒലക്കേങ്കിൽ – പാവറട്ടി 26.12.2024, 9:00 am
2. ഡീ. ക്ലിൻസൻ കാട്ടിപറമ്പൻ – പുല്ലഴി 26.12.2024, 2:00 pm
3. ഡീ. ക്ലിന്റ് പാണേങ്ങാടൻ – കരുമത്ര 27.12.2024, 9:00 am
4. ഡീ. ക്രിസ്റ്റോ മഞ്ഞളി – ലൂർദ്ദ് 27.12.2024, 9:00 am
5. ഡീ. ജീസ് അക്കരപ്പട്ട്യേക്കൽ – പുറനാട്ടുകര 28.12.2024, 9:00 am
6. ഡീ. ലിൻസൺ അക്കരപ്പട്ട്യേക്കൽ – പുറനാട്ടുകര 28.12.2024, 9:00 am
7. ഡീ. ആൽവിൻ പട്ട്യേക്കൽ – പുറനാട്ടുകര 28.12.2024, 9:00 am
8. ഡീ. ജാക്സൺ തെക്കേക്കര – പുറനാട്ടുകര 28.12.2024, 9:00 am

9. ഡീ. തേജസ്സ് കുന്നപ്പിള്ളിൽ – ഭരത 28.12.2024, 9:00 am

10. ഡീ. സാൽവിൻ കണ്ണനായ്ക്കൽ – തങ്ങാലൂർ
28.12.2024, 2:00 pm

11. ഡീ. പ്രിൻസ് ചെറുതാണിക്കൽ – വെട്ടുക്കാട്
28.12.2024 , 2:00 pm

12. ഡീ. ഫ്രാങ്കോ ഫ്രോണിസ് ചെറുതാണിക്കൽ – വെട്ടുക്കാട്
28.12.2024, 2:00 pm

13. ഡീ. ജോഫിൻ അക്കരപ്പട്ട്യേക്കൽ – ആമ്പക്കാട്
30.12.2024, 9:00 am

14. ഡീ. ജീസ്മോൻ ചെമ്മണ്ണൂർ – പേരകം 30.12.2024, 9:00 am

15. ഡീ. ലിവൻ കുരുതുകുളങ്ങര കൂള – മണ്ണുത്തി
30.12.2024, 2:00 pm

16. ഡീ. അജിൽ മാങ്ങൻ – പെരിങ്ങോട്ടുകര 31.12.2024, 2:00 pm

**8. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2025 ജനുവരി 29ന് ബുധൻ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**9. ഡയറി 2025:**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കുള്ള ഡയറി കത്തോലിക്കാസഭ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**10. വൈദികനിയമനം:**

1. ഫാ. സൈജോ തൈക്കാട്ടിൽ – നടത്തുവികാരി നടത്തറ & കപ്ലോൻ സി. എം. സി. കൂടി, കപ്ലോൻ സി. എസ്. എസ്. ജനറലേറ്റ് ഒഴിവായി; സാധുത 2024 ഒക്ടോബർ 9 മുതൽ.

2. ഫാ. പ്രിൻസ് പിണ്ടിയാൻ – ചികിത്സാവധി; സാധുത 2024 ഒക്ടോബർ 9 മുതൽ.

3. ഫാ. തോമസ് വടക്കേത്തല – നടത്തുവികാരി വരാക്കര & കപ്ലോൻ എം. എസ്. എം. ഐ.; സാധുത 2024 ഒക്ടോബർ 09 മുതൽ.


4. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ – കപ്ലോൻ സി. എസ്. എസ്. ജനറലേറ്റ് കൂടി; സാധുത 2024 ഒക്ടോബർ 09 മുതൽ.

5. ഫാ. ജിൻസൻ മുക്കടയിൽ – പഠനാവധി; കപ്ലോൻ സി. എം. സി. തൊഴുപാടം ഒഴിവായി; സാധുത 2024 ഒക്ടോബർ 28 മുതൽ.

6. ഡീ. ക്ലിൻസൻ കാട്ടിപറമ്പൻ – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2024 ഒക്ടോബർ 9 മുതൽ നവംബർ 15 വരെ.

As per the Order No. 1926/2024 dated 24th September 2024, THALONIKKARA TINTO is suspended from all priestly and pastoral ministry with immediate effect.

As per the Order No.1927/2024 dated 24th September 2024, KANNANAIKKAL SAJIL is suspended from all priestly and pastoral ministry with effect from 19th September 2024.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

പ്രവാചകൻ
എഴുതിയിരിക്കുന്നു
**യൂദയായിലെ
ബേത്‌ലെഹെമേ,
നീയൂദയായിലെ പ്രമുഖ
നഗരങ്ങളിൽ ഒട്ടും
താഴെയല്ല;
എൻെറ ജനമായ
ഇസ്രായേലിനെ
നയിക്കാനുള്ളവൻ**
**(മത്താ. 2: 6)**

# ENGAGEMENTS

DECEMBER 2024

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sun | Morning | Sneholsavam, Holy Mass and Inauguration @ Varakkara |
| | | | Leaders' Meet @ DBCLC |
| | | | KCYM Day @ Lourdes Cathedral |
| | | Afternoon | Catholica Congress, Leaders' Meet @ Family Apostolate Centre |
| | | Evening | Golden Jubilee, Concluding Meeting @ Eravimangalam |
| 3 | Tue | Afternoon | Jyothi, Trust Meeting @ Abp's House |
| 4-6 | | | KCBC Meeting @ POC, Palarivattom |
| 6 | Fri | Evening | Sneholsavam, Holy Mass and Conclusion @ Peramangalam |
| 7 | Sat | Morning | Jubilee Research Centre, Advisory Board @ JMMC |
| | | | Holy Mass, Silver Jubilee of Marriage @ Lourdes |
| 8 | Sun | Morning | Golden Jubilee, Calvary Sisters @ Cheroor |
| | | | Holy Mass @ Pallikkunnu |
| | | | Jerusalem Bible Convention, Conclusion @ Jerusalem Retreat Centre |
| | | | Deaf and dumb couples' meet @ Family apostolate centre |
| | | Afternoon | Catholica Sabha Pathram, promoters' meet @ St. Thomas College |
| | | | Jesus Youth Family Gathering @ St. Paul's, Kuriachira |

| | | | |
|---|---|---|---|
| 9 | Mon | Morning | Holy Mass @ Lourdes Natha Provincial House, East Fort |
| | | Evening | Finance Council @ Abp's House |
| 10 | Tue | Morning | Holy Mass @ CMC Generalate, Kolazhy |
| | | Evening | JMMC Trust Meeting |
| 11 | Wed | Morning | Holy Mass @ Minor Seminary |
| 12 | Thu | Morning | Consulters' Meeting |
| | | Afternoon | Presbyteral Council |
| | | Evening | Birthday celebration of the children @ Pope Paul Mercy Home |
| 13 | Fri | | Birthday of Mar Andrews Thazhath & Mar Jacob Thoomkuzhy |
| 14 | Sat | Morning | Holy Mass @ SABS Convent, Chettupuzha |
| | | | Holy Mass, Golden Jubilee of Marriage @ Lourdes |
| 15 | Sun | Evening | Archdiocese Choir members' gathering @ St. Thomas College |
| | | | Holy Mass and blessing of St. Joseph's square @ Kannara |
| 17-18 | | | CBCI Meetings @ Delhi |
| 19 | Thu | Morning | Bshp. John Menachery Death Anniversary @ Lourdes |
| | | Evening | Christmas Eve @ Dolours Basilica |
| 20 | Fri | Morning | Holy Mass @ Spiritual Animation centre, Amballoor |
| | | | Tribunal - Curia Meeting @ Abp's House |
| 21 | Sat | Morning | Gathering of Women Executives of Kudamba Koottayma @ Lourdes |
| 22 | Sun | Afternoon | Bible Apostolate Award Day @ St. Thomas College |
| | | Evening | Big Families gathering @ Dolours Basilica |

| | | | |
|---|---|---|---|
| | | | Christmas celebration @ Peace Home, Peringandoor |
| 23 | Mon | Evening | Christmas celebration, CBCI @ Delhi |
| 24 | Tue | Evening | Christmas Eve @ Lourdes |
| 26 | Thu | Afternoon | Priestly Ordination @ Pullazhay |
| 27 | Fri | Morning | Priestly Ordination @ Karumathra |
| | | | Buon Natale |
| 28 | Sat | Morning | Priestly Ordination @ Puranattukara |
| | | Afternoon | Priestly Ordination @ Thangalur |
| 29 | Sun | Afternoon | Inaugural Holy Mass of the Jubilee Year 2025 @ Lourdes |
| | | Evening | Centenary celebrations, Conclusion @ Vendoor |
| 30 | Mon | Morning | Priestly Ordination @ Ambakkad |
| | | Afternoon | Priestly Ordination @ Kottappady |
| 31 | Tue | Afternoon | Priestly Ordination @ Peringottukara |

# ENGAGEMENTS

## DECEMBER 2024

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Sneholsavam # Holymass @ Peramangalam |
| | | | Newly Wedded Couples Meet @ Family Apostolate |
| | | Afternoon | Catholic Congress Meet @ Nellikunnu |
| | | | Meet of Couples Celebrating 5th |

| | | | |
|---|---|---|---|
| | | | Wedding Anniversary @ Family Apostolate |
| 02 | Mon | Morning | Holymass @ SMMS  Kakkanad |
| 03 | Tue | Morning | Kodikayattam @ Peringottukara |
| | | Afternoon | Trust Meeting of Jyothi E.C. |
| | | | Chapel Blessing @ Mundur |
| 04-06 | | | KCBC |
| | | Evening | Holymass # Sneholsavam @ Chowannur |
| 07 | Sat | Morning | JMMCH Advisory Board Meeting |
| | | Afternoon | Meet of Couples Celebrating 25th Wedding Anniversary @ Family Apostolate |
| 08 | Sun | | Pastoral Visit @ Palakkal |
| 09 | Mon | Afternoon | Editorial Meeting @ Catholica Sabha |
| | | Evening | Finance Council @ ABH |
| 10 | Tue | Morning | 4th Child Baptism @ Chevoor |
| | | Evening | JMMH Trust Meeting @ JMMH |
| 11 | Wed | Morning | 4th Child Baptism @ Thiroor |
| 12 | Thu | Morning | Provincial Synaxis CMC @ Kolazhy |
| | | | Consultors Meeting @ ABH |
| | | Evening | Presbyteral Meeting |
| 13 | Fri | Morning | Holymass @ Spiritual Animation Centre |
| 14 | Sat | Morning | Holymass @ Peace Home, Peringandoor |
| | | | Teachers Meet @ DBCLC |
| 15 | Sun | Morning | Holymass @ Engandiyur |
| | | Afternoon | Archdiocesan Choir Meet @ STC |
| | | | Meet of Couples Celebrating 10th Wedding Anniversary@ Family Apostolate |
| 16 -17 | | | Mangalapuzha Seminary Commission |
| 18 - 19 | | | Class for Deacons |
| 20 | Fri | Morning | Tribunal & Curia Meeting |
| 21 | Sat | Afternoon | Kudumbakootayma Vanitha Baravahikalude Meet @ Lourdes |

| | | | |
|---|---|---|---|
| 22 | Sun | Afternoon | Bible Day @ STC |
| | | Evening | Christmas Messege @ Orthdox Church, Chembukkavu |
| 23 | Mon | Morning | Christmas Eve @ Archbishop's House |
| 24 | Tue | Evening | Christmas Holymass @ Basilica |
| 26 | Wed | Morning | Priestly Ordination @ Pavaratty |
| | | Evening | Priestly Ordination @ Chazhoor |
| 27 | Thu | Morning | Priestly Ordination @ Thrissur Lourdes |
| | | Evening | Buon Natale |
| 28 | Fri | Morning | Priestly Ordination @ Bharatha |
| | | Evening | Priestly Ordination @ Vettukad |
| 29 | Sat | Morning | Archdiocesan Level Inauguation of Holy Year |
| | | Evening | Family Eve : LOAF @ Family Apostolate |
| 30 | Mon | Morning | Priestly Ordination @ Perakam |
| | | Evening | Priestly Ordination @ Mannuthy |
| 30 & 31 | Thu | | LRC Meeting |

"ദൂതൻ
അവളോടു പറഞ്ഞു:
**മറിയമേ, നീ ഭയപ്പെടേണ്ടാ;**
**ദൈവസന്നിധിയിൽ**
**നീ കൃപ**
**കണ്ടെത്തിയിരിക്കുന്നു.**
**(ലൂക്ക 1, 30)**"



# നാളാഗമം

## ഒക്ടോബർ 2024

1. ജർമനിയിലുള്ള ഉൾമിൽ വച്ചു നടന്ന, യൂറോപ്പിലുള്ള തൃശ്ശൂർ അതിരൂപതാ വൈദികരുടെ കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒളരിക്കര ഇടവക ദൈവലായത്തിൽ വി. കുർബാനയർപ്പിക്കുകയും പ്രദക്ഷിണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. തൃശ്ശൂർ ജൂബിലി മെഡിക്കൽ ആശുപത്രിയുടെ നേതൃത്വത്തിൽ ആഗോള വാർധക്യദിനത്തോടനുബന്ധിച്ചു നടത്തപ്പെട്ട യോഗത്തിൽ പങ്കെടുത്തു.

2–27. വത്തിക്കാനിൽ വച്ചു നടന്ന സിനഡാലിറ്റിയെ സംബന്ധിച്ചുള്ള സിനഡിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. സിനഡ് ജനറൽ അസംബ്ലിയിൽ അദ്ദേഹം പൗരസ്ത്യസഭകളുടെ അവകാശങ്ങളെ കുറിച്ചും, LOAFനെ കുറിച്ചും, PAROCനെ കുറിച്ചും, പള്ളിയോഗസംവിധാനത്തെ കുറിച്ചും പറയുകയുണ്ടായി. സിനഡാലിറ്റിയെ കുറിച്ച് ബഹു. ഫാ. പോൾ പുളിക്കനും, സിനഡ് സെക്രട്ടറി സി. നത്താലിയയും കൂടി എഡിറ്റ് ചെയ്ത പുസ്തകവും, LOAFനെ കുറിച്ചുള്ള ബ്രോഷറും അഭിവന്ദ്യ മാർ

ആൻഡ്രൂസ് പിതാവ് ഫ്രാൻസിസ് പാപ്പയ്ക്കു സമ്മാനിച്ചു.

5-ാം തിയതി റോമിലെ ചാരിറ്റി മഠത്തിലും, 12-ാം തിയതി ഹോളി ഫാമിലി മഠത്തിലും, 13-ാം തിയതി ബഹു. ഫാ. ഫ്രാൻസോ തെക്കത്തിന്റെ ഇടവകയിലും, 19-ാം തിയതി ബഹു. ഫാ. ഷെൽട്ടൺ ചിറ്റിലപ്പിള്ളിയുടെ ഇടവകയിലും, 20-ാം തിയതി ബഹു. ഫാ. ജിസോ കുറ്റിക്കാട്ടിന്റെ ഇടവകയിലും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വി. കുർബാനയർപ്പിച്ചു. റോമിൽ പഠിക്കുകയും ശുശ്രൂഷ ചെയ്യുകയും ചെയ്യുന്ന വൈദികരുടേയും വൈദികവിദ്യാർത്ഥികളുടേയും ദൈവാലയങ്ങളും, യൂണിവേഴ്സിറ്റികളും, സെമിനാരികളും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സന്ദർശിക്കുകയും, അവിടെയുള്ള അധികാരികളുമായി ചർച്ച നടത്തുകയും ചെയ്തു.

2. കൊട്ടേക്കാട് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തൃശ്ശൂർ, ഡി ബി സി എൽ സിയിൽ നടത്തിയ സോഷ്യൽ കമ്മിറ്റ്മെന്റ് ദിനത്തിലും വൈകുന്നേരം മരത്താക്കര ഇടവകയുടെ ജൂബിലി സമാപനയോഗത്തിലും പങ്കെടുത്തു. അതിനുശേഷം തലോർ ഇടവകയുടെ യുവജനമീറ്റിൽ സമാപനസന്ദേശം നൽകി.

3. തൃശ്ശൂർ, ലൂർദ്ദ്പുരം നിർമ്മലദാസി സന്യാസിനികളുടെ ഭവനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അരിമ്പൂർ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും തിരുനാൾ കൊടികയറ്റം നടത്തുകയും ചെയ്തു. തൃശ്ശൂർ, പരി. വ്യാകുല മാതാവിന്റെ ബസിലിക്കയിൽ ശതാബ്ദി ജൂബിലിയുടെ ലോഗോ പ്രകാശനം നടത്തി. വൈകുന്നേരം മുണ്ടൂർ ഇടവകയിൽ കപ്പേള വെഞ്ചിരിപ്പ് നടത്തി.

5. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, പൂത്തോൾ കാൽവരി ആശ്രമത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ലോഗോസ് പരീക്ഷയിൽ റാങ്കുകൾ കരസ്ഥമാക്കിയവരെ അഭിനന്ദിച്ചു. ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽവെച്ച് ആരാധന സന്യാസിനി സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ, രജത ജൂബിലി ആഘോഷത്തിൽ വി. കുർബാനയർപ്പിച്ചു. തിരൂർ ഇടവക ദൈവാലയത്തിൽ നടത്തപ്പെട്ട എഫ്.സി.സി. തൃശ്ശൂർ അസ്സീസി പ്രൊവിൻസിലെ സഭാവസ്ത്ര സ്വീകരണത്തിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മിക

നായി.

15. റോമിൽ വച്ച് കാരിത്താസ് ഇന്റർനാഷണലിന്റെ ഭാരവാഹി കളുമായി (കാർഡി. കിക്കുച്ചി, മിസ്റ്റർ അലിസ്റ്റർ ഡെറ്റൺ) കാർഡി. ഓസ്വാൾഡ് ഗ്രേഷ്യസും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവും ചേർന്ന് ചർച്ച നടത്തി.

17. ചെങ്ങാലൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. സെന്റ് പോൾസ് ഗുരുകുലം സെമിനാരിയുടെ എക്സിക്യൂട്ടീവ് യോഗ ത്തിൽ പങ്കെടുത്തു. വേലൂർ ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

18. റോമിൽ വച്ചു നടന്ന, ഏഷ്യയിൽ നിന്നുള്ള മെത്രാന്മാരുടെ യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. ആമ്പല്ലൂർ, സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു. മമ്മിയൂർ ലിസ്യൂ കോൺവെന്റിൽ നടത്തപ്പെട്ട ബഹു. സി. കലിസ്റ്റയുടെ മൃതദേഹസംസ്കാരചടങ്ങിൽ മുഖ്യകാർമ്മികനായി. പുത്തൻ പീടിക ഇടവകയിൽ വി. കുർബാനയർപ്പിച്ച് തിരുനാൾ കൊടി കയറ്റം നടത്തി.

19. ഫാമിലി അപ്പസ്തൊലേറ്റിൽ വെച്ച് നടന്ന സി. ആർ. ഐ യോഗ ത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു. അതിരൂപത സെന്റ് വിൻസെന്റ് ഡി പോൾ സംഘടന തൃശ്ശൂർ കോപ്പറേറ്റിവ് ആശുപത്രിയിലേക്ക് നല്കിയ ഡയാലിസിസ് മെഷീന്റെ സ്ഥാപനചടങ്ങിൽ പങ്കെടുത്തു. ചെമ്പൂക്കാവ്, ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ മറീന ഹോം മഠത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

20. മിഷൻ ദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് പുറനാട്ടുകര ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റിൽവെച്ച് നടത്ത പ്പെട്ട ഗർഭിണികളുടെ സംഗമത്തിൽ സംസാരിച്ചു. വൈകുന്നേരം ഫാമിലി അപ്പോസ്റ്റലേറ്റിൽവെച്ച് നടത്തപ്പെട്ട പിതൃവേദിയുടെ ജനറൽ ബോഡിയോഗത്തിൽ പങ്കെടുത്തു.

21. തൃശ്ശൂർ പ്രേഷിതഭവൻ മഠത്തിൽ അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് രാവിലെ വി. കുർബാനയർപ്പിച്ചു. ചേറൂർ സെന്റ് തോമസ് കോളേജിന്റെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഹെർബൽ ഗാർഡൻ ഉദ്ഘാടനം ചെയ്തു. തിരുവില്വാമലയിലുള്ള

ക്രിസ്തുദാസി കോൺവെന്റ് വെഞ്ചിരിച്ചു.

22. സെന്റ് ജോൺ പോൾ പീസ് ഹോമിന്റെ കുടുംബദിനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യാതിഥിയായി.

24–25.ഇറ്റലിയിലെ വെന്തിമില്ല്യയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സന്ദർശിക്കുകയും, അവിടുത്തെ രൂപതാധ്യക്ഷനുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

29. വത്തിക്കാനിൽ നടന്ന ഇന്റർ ഡിക്കാസ്റ്റേറിയൽ മീറ്റിംഗിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. സ്റ്റേറ്റ് സെക്രട്ടറി കാർഡി. പരോളിൻ, പ്രൊപ്പഗാന്ത പ്രോപ്രീഫെക്ട് കാർഡി. താഗ്ലെ, ഓറിയന്റൽ പ്രീഫെക്ട് കാർഡി. ഗുജറോത്തി, ഗൾഫിലെ വികാരി അപ്പസ്തോലിക്കമാർ, കപ്പൂച്ചിൻ അധികാരികൾ, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി തുടങ്ങിയവരാണ് യോഗത്തിൽ സംബന്ധിച്ച മറ്റ് വ്യക്തികൾ. ഗൾഫ് മേഖലയിലെ സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന ക്രമീകരണമായിരുന്നു പ്രധാന ചർച്ചാവിഷയം.

25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. കണ്ടശ്ശാങ്കടവ് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

26. മേരിമാതാ മേജർ സെമിനാരിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

27. വെളുത്തൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിക്കുകയും പാരീഷ് ഹാൾ വെഞ്ചിരിക്കുകയും ചെയ്തു.

28. ജൂബിലി ആശുപത്രിയിൽ വെച്ച് നടത്തപ്പെട്ട ഒന്നാംവർഷ നഴ്സിങ്ങ് വിദ്യാർഥികളുടെ വൈറ്റ് കോട്ട് സെറി മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യാഥിതിയായി. വൈകുന്നേരം മരത്താക്കരവെച്ച് നടത്തപ്പെട്ട എഫ്.സി. സി. സന്യാസിനി സമൂഹാംഗമായ ബഹു. സി. ടെറസീനയുടെ മൃതദേഹസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മിക നായി. സിനാക്സിസിന് ഒരുക്കമായി എം.എം.ബി. സഭാംഗങ്ങൾക്കായ് വി. കുർബാനയർപ്പിച്ചു.

29. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പട്ടിക്കാട് ഇടവക

ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും നവീകരിച്ച സെമിത്തേരി വെഞ്ചിരിക്കുകയും ചെയ്തു.

30. പഴയന്നൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. എഫ്.സി.സി. സന്യാസസമൂഹത്തിലെ സുവർണ്ണ ജൂബിലി ആഘോഷി ക്കുന്നവർക്കു വേണ്ടി അശോകപുരത്തെ എഫ്.സി.സി. ജന റലേറ്റിൽ സംഘടിപ്പിക്കപ്പെട്ട സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാനയർപ്പിച്ചു.

31. ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ ആർച്ച് ബിഷപ്പായി നിയമിതനായ മാർ തോമസ് തറയിൽ പിതാവിന്റെ സ്ഥാ നാരോഹണ ചടങ്ങിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവും മാർ ടോണി പിതാവും പങ്കെടുത്തു.

"

മരുഭൂമിയിലെ
പരീക്ഷ

**നിൻെറ ദൈവമായ കർത്താവിനെ നീ ആരാധിക്കണം; അവനെ മാത്രമേ പൂജിക്കാവൂ.**

**(ലൂക്ക 4, 8)**

"

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




നവംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 09.11.2024 -ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാംഗവും മാവുംചാൽ സെന്റ് ജോർജ്ജ് ഇടവക വികാരിയുമായ ബഹു ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചനാണ് ഇന്നത്തെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികനായത്. മാവുംചാൽ ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന ചാരിറ്റി സിസ്റ്റേഴ്സിന്റെയും കണ്ണൂർ മാവുംചാൽ ഇടവകയിൽ നിന്നുള്ള അമ്പതിലധികം വരുന്ന വിശ്വാസികളുടെ സാന്നിധ്യവും ഈ ആചരണദിനത്തിന് ശോഭ കൂട്ടുകയുണ്ടായി. ചൊവ്വന്നൂർ ഇടവകാംഗമായ ചിരിയങ്കണ്ടത്ത് ദേവസി ഷീജ & ഫാമിലിയാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്.

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഭൗതികാവശിഷ്ടം കുടികൊള്ളുകയും അദ്ദേഹത്തിന്റെ പാദസ്പർശത്താൽ ധന്യമായിത്തീരുകയും ചെയ്ത ചൊവ്വന്നൂർ ഇടവക ദൈവാലയത്തിൽ, ദൈവാനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും അനു

ഭവത്തോടെ വിശുദ്ധ ബലിയർപ്പിക്കുവാൻ സാധിച്ചതിൽ നന്ദി പറഞ്ഞുകൊണ്ടാണ് ബഹു. ഫിലിപ്പച്ചൻ തന്റെ ദൈവ വചനസന്ദേശം ആരംഭിച്ചത്. അദ്ദേഹത്തിന്റെ സന്ദേശത്തിലെ പ്രസ്തുത ഭാഗങ്ങൾ: ഏകാന്തതയുടെയും ഏകാഗ്രതയുടെയും സ്ഥലവും ദൈവസാന്നിധ്യത്തിന്റെ ഉറവിടവുമായ മലമുകളിലിരുന്ന് ദൈവപുത്രൻ അഷ്ടഭാഗ്യങ്ങൾ ദൈവജനത്തിന് നൽകി. തന്റെ ഓരോ ശുശ്രൂഷകളും ആരംഭിക്കുന്നതിനു മുമ്പ്, ദിവ്യകാരുണ്യ സന്നിധിയിൽ, ദൈവത്തോട് കൂടെ ആയിരുന്നുകൊണ്ട് തന്റെ അനുദിനജീവിതം തുടങ്ങിയിരുന്ന പുണ്യവൈദികനായിരുന്നു ഊക്കനച്ചൻ. ദൈവപരിപാലനയിലും ദൈവശക്തിയിലും ആശ്ര യിച്ചുകൊണ്ട് നാം പ്രവൃത്തികൾ ചെയ്യുന്നതാണ് ആത്മാവിലെ ദാരിദ്ര്യം. ദൈവത്തോട് ചോദിച്ച് എല്ലാം ചെയ്യണം. അല്ലാത്തതെല്ലാം സീറോ ആയിരിക്കും. ദൈവസന്നിധിയിൽ തപസിരുന്ന് ആലോചന നടത്തി ശുശ്രൂഷ ചെയ്തത് വഴി ആത്മാവിന്റെ ദാരിദ്ര്യം തിരിച്ച റിഞ്ഞ് ഈ പുണ്യപിതാവ് ഇപ്രകാരം പറഞ്ഞു: ''എല്ലാം തമ്പുരാൻ നടത്തിത്തരും.'' പാപത്തെപ്രതിയും ആത്മാക്കളുടെ വീണ്ടെടുപ്പി നെപ്രതിയും വിലപിക്കുന്നവർ ഭാഗ്യവാന്മാരെന്ന് തിരിച്ചറിഞ്ഞ ധന്യനായ ജോണച്ചൻ ഈ പ്രദേശങ്ങളിലുടനീളം സഞ്ചരിച്ച് പാപികളെയും പാവപ്പെട്ടവരേയും നേടിയെടുക്കുകയും ആത്മാക്കളെ രക്ഷിക്കുന്നതിനായി ഉരുകിത്തീരുകയും ചെയ്ത മനുഷ്യനായി രുന്നു. അല്പം ഉപ്പും പ്രകാശവും മതി ലോകത്തിന് രുചി പകരാ നും പ്രകാശമാകാനും. അയർലെന്റിനെ നേടിയ വിശുദ്ധ പാട്രിക്കി നെപ്പോലെ ഈ നാടിനെ നേടിയ പുണ്യവൈദികനാണ് ധന്യ നായ ഊക്കനച്ചൻ. അതുപോലെ ഈ ദേശത്തിന് ഇത്രയും പ്രകശം നൽകിയതുകൊണ്ടാണ് ഈ വന്ദ്യവൈദികന്റെ ഫോട്ടോ യ്ക്ക് അത്രയ്ക്കും വിശുദ്ധിയുടെ പ്രകാശമുണ്ടായിരിക്കുന്നത്. നമുക്കും അദ്ദേഹത്തിന്റെ മാതൃക അനുകരിക്കാം. അതിനുവേണ്ടി മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം.

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണപരി പാടിയുടെ വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സി. വർഷ സി.എസ്. സി. എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



കാഴ്ചവെപ്പിനെപ്പറ്റിയുള്ള വിചിന്തനം തുടരുന്നു. ദൃശ്യമായകാഴ്ചകൾ അൾത്താരയിൽ വയ്ക്കപ്പെടുമ്പോൾ നമ്മുടെ സ്നേഹത്തിന്റെ ആദ്ധ്യാത്മിക പാനപാത്രം ദൈവത്തിന് സമർപ്പിക്കപ്പെടുന്നു. കാഴ്ചവസ്തുക്കൾക്ക് നമ്മുടെ സ്നേഹത്തിന്റെ മൂല്യം വർദ്ധിപ്പിക്കാൻ സാധിക്കില്ല. അതിനാൽ 'ഞങ്ങളുടെ ബലിസ്വീകരിക്കണമേ'എന്ന് എളിമയോടെ നാം പ്രാർത്ഥിക്കുന്നു. രക്ഷകൻ അൾത്താരയിൽ ആഗതനായി ഈ രണ്ടു കാഴ്ചവസ്തുക്കളെ തന്റെ ശരീരരക്തങ്ങളാക്കി മാറ്റുന്നു. കുരിശിൽ ദൈവത്തോടുള്ള തന്റെ സ്നേഹത്തോടൊപ്പം നമ്മുടെ സ്നേഹവും അവിടുന്ന് പാനപാത്രത്തിൽ നിറക്കുന്നു. നമ്മുടെ കാഴ്ച നിറക്കപ്പെട്ട് 'ദൈവത്തിലേക്ക് ഉയരുന്നു.

നമ്മുടെ കാഴ്ചവസ്തുക്കളെ ശ്രേഷ്ഠമാക്കുന്നതോ

ടൊപ്പം ക്രിസ്തു നമ്മുടെ സ്വയംസമർപ്പണത്തെയും ഉദാത്തമാക്കുന്നു. രണ്ടു തരത്തിലാണ് ഈ മാറ്റം നടത്തുക. ഈ കാഴ്ചകളെ യേശു സ്വീകാര്യമാക്കുന്നു. തന്നോടു ചേർത്തുകൊണ്ട് ഈ കാഴ്ചകൾ ദൈവത്തിന് പ്രീതികരമാക്കി നമ്മെ ദൈവത്തിന് സമർപ്പിക്കുന്നു.

ക്രിസ്തുവിന്റെ ബലിയായി മാറുന്നു എന്നുള്ളതാണ് കാഴ്ചവസ്തുക്കളുടെ സവിശേഷത എന്ന് ഗ്രന്ഥകാരനോടൊപ്പം അന്തോണിയച്ചനും വ്യക്തമാക്കുന്നു. കാഴ്ചവസ്തുക്കൾ സൂചിപ്പിക്കുന്ന ആന്തരികസമർപ്പണത്തിനും ക്രിസ്തുവിന്റെ രക്ഷാകരബലിയുടെ ദൈവികകൃപയിലും എല്ലാഅതിസ്വഭാവികയോഗ്യതകളുടെയും ഉറവിടമായ കുരിശിലും കാഴ്ചവസ്തുക്കൾക്ക് സവിശേഷമൂല്യം ലഭിക്കുന്നു.

അപരിമേയമായ ബലിയും അതിന്റെ അനന്തഫലങ്ങളെയും കുറിച്ച് തുടർന്ന് ഗ്രന്ഥകാരൻ വിവരിക്കുന്നു. കുർബാന നവീനവും അനന്യവുമാണ്. കുരിശിലെ ക്രിസ്തുവിന്റെ അർപ്പണം എന്നേക്കും ഉള്ളതാണ്. ഇപ്പോൾ സഭയാണ് അവിടുത്തെ സമർപ്പിക്കുന്നത്. സഭയിലൂടെ അവിടുന്ന് സ്വയം സമർപ്പിക്കും. സഭ സ്വന്തമാക്കുന്ന ഉടമ്പടി അവളുടെ സ്നേഹത്തിന്റെ ആഴത്തിനും സമർപ്പണത്തിന്റെ ആർജ്ജവത്തിനും ആനുപാതികമായിരിക്കും. നമ്മുടെ സ്നേഹവും ഭക്തിയും എത്രത്തോളം വലുതാണോ, ഓരോ കുർബ്ബാനയുടെ മൂല്യത്തിലുള്ള എന്റെ ഭാഗഭാഗിത്വവും അത്ര വലുതായിരിക്കും. വി. കുർബാനയുടെദൗത്യങ്ങൾവ്യത്യാസപ്പെട്ടിരിക്കുന്നതുപോലെവി. ബലിയുടെ ഭൗതികവും ആദ്ധ്യാത്മികവുമായ മാനങ്ങളും വ്യത്യാസപ്പെട്ടിരിക്കും.

NB: ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ 1924 ഡിസംബർ 22നാണ് തിരുപ്പട്ടം സ്വീകരിച്ചത്. തിരുപ്പട്ട ശതാബ്ദി ആഘോഷങ്ങൾ 2024 ഡിസംബർ 22ന് ചേലക്കര പള്ളിയിൽവച്ചു നടക്കുന്നതാണ്.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. ജോയ് മൂക്കൻ 02
ഫാ. അനീഷ് നെല്ലിക്കൽ 02
ഫാ. ജോമോൻ പൊന്തേക്കൻ 02
ഫാ. പ്രതീഷ് കല്ലറക്കൽ 03
ഫാ. ജോമോൻ മങ്ങാട്ടിലയൻ 03
ഫാ. ജോസഫ് മുരിങ്ങാത്തേരി 03
ഫാ. ഹാഡ്‌ലി നീലങ്കാവിൽ 06
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 06
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 07
ഫാ. നൈസൻ ഏലന്താനത്ത് 07
ഫാ. റോജർ തരകൻ 07
ഫാ. ലിറിൽ തളിയപറമ്പിൽ 08
ഫാ. ജോയ് കൂത്തൂർ 09
ഫാ. ബിജോയ് പൊൻപറമ്പിൽ 10
ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 12
ഫാ. സാജൻ മാറോക്കി 12
ഫാ. ഫ്രാൻസിസ് കൂത്തൂർ 13
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. ആഡ്‌വിൻ ഐനിക്കൽ 14
ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി 16
ഫാ. ലോറൻസ് തൈക്കാട്ടിൽ 16
ഫാ. നിബിൻ തളിയത്ത് 17
ഫാ. ജോസ് ജൂനിയർ തെക്കേക്കര 19
ഫാ. ജോൺ ചുങ്കത്ത് 20
ഫാ. ജോമോൻ ഇമ്മട്ടി 20
ഫാ. പ്രിന്റോ കുളങ്ങര 20
ഫാ. ആൻസൺ നീലങ്കാവിൽ 21
ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ 22
ഫാ. ജോസഫ് അന്തിക്കാട്ട് 23
ഫാ. ജോയ് ജൂനിയർ ചിറ്റിലപ്പിള്ളി 23
ഫാ. ബെന്നി കിടങ്ങൻ 25
ഫാ. നവീൻ മുരിങ്ങാത്തേരി 25
ഫാ. ജസ്റ്റിൻ തടത്തിൽ 25
ഫാ. സിന്റോ പൊന്തേക്കൻ 26
ഫാ. സിജോ കാട്ടൂക്കാരൻ 27
ഫാ. ജോമോൻ മുരിങ്ങാത്തേരി 27
ഫാ. ജോയ് കൊള്ളന്നൂർ 29
ഫാ. ഡേവിസ് ജൂനിയർ ചിറമ്മൽ 30
ഫാ. ഫെബിൻ ചിറയത്ത് 31
ഫാ. റോയ്സൺ കൊള്ളന്നൂർ 31
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 31




ഫാ. ഫ്രാൻസിസ് ആലപ്പാട്ട് 03
ഫാ. ഫ്രാൻസിസ് അറക്കൽ 03
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 03
ഫാ. ഫ്രാങ്കോ കവലക്കാട്ട് 03
ഫാ. ഫ്രിന്റോ കിഴക്കേകൂണ്ണൻചിറ 03
ഫാ. ഫ്രാൻസിസ് കൂത്തൂർ 03

| | |
|---|---|
| ഫാ. മേജോ മങ്ങാട്ടിലയൻ | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഫ്രാൻസിസ് പുത്തൂക്കര | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. സ്റ്റീഫൻ അറക്കൽ | 26 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജിജോ എടക്കളത്തൂർ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |




| | |
|---|---|
| ഫാ. തോമസ് അക്കരപ്പറ്റി | 19.12.1944 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13.12.1924 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23.12.1967 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21.12.1992 |
| ഫാ. പോൾ ചിറയത്ത് | 14.12.1953 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി സീനിയർ | 18.12.1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19.12.1990 |
| ഫാ. ജോസഫ് ചുങ്കത്ത് സീനിയർ | 28.12.2000 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09.12.2019 |
| ഫാ. പൗലോസ് കൂന്തായിൽ | 13.12.1924 |
| ഫാ. ഗീവർക്ഷീസ് മാമ്പിള്ളി | 31.12.1920 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17.12.1994 |
| ഫാ. ജോസഫ് തോട്ടാൻ | 06.12.1965 |
| ഫാ. ജോസഫ് വടക്കൻ | 28.12.2002 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02.12.1971 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### ഒക്ടോബർ 2024

**CRI പൊതു സമ്മേളന റിപ്പോർട്ട്**

2024 ഒക്ടോബർ 19 ന് ഫാമിലി അപ്പസ്തൊലേറ്റിൽ വെച്ച് 'middle agers' നു വേണ്ടിയുള്ള one day programme സംഘടിപ്പിച്ചു. രാവിലെ 9.00 ന് രജിസ്ട്രേഷൻ ആരംഭിച്ചു. 9.45 ന് ചാരിറ്റി സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾക്ക് തുടക്കം കുറിച്ചു. 'Life Seminar- moral world of youth today' എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ പൗളീന MSM ക്ലാസുകൾ നയിച്ചു. സി. ഷാരോൺ CMC ക്ലാസ്സിന്റെ സമാപനത്തിൽ നന്ദി പറഞ്ഞു. ഉച്ചക്ക് സി. ഷെറിൻ CHF ആയിരുന്നു ക്ലാസ്സ് നയിച്ചത്. 'Growth & Challenges in the middle age' എന്നതായിരുന്നു വിഷയം. സി. സോണി SLMI ക്ലാസ്സിന് നന്ദി പറഞ്ഞു. 180 സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു.

**എഫ്. സി. സി.**

ഒക്ടോബർ 2-ാം തീയതി KFFU വിന്റെ നേതൃത്വത്തിൽ പുതുക്കാട് പ്രജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ വി. ഫ്രാൻസീസിന്റെ അന്തിമ നിമിഷങ്ങളുടെ അനുസ്മരണയിൽ എല്ലാ ഭവനത്തിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. ഒക്ടോബർ 5-ാം തീയതി തിരൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലി മദ്ധ്യേ 6 നോവിസസ് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം ചെയ്തു. 25 ജൂനിയർ സിസ്റ്റേഴ്സ് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിനൊരുക്കമായുള്ള ധ്യാനത്തിൽ സംബന്ധിച്ച് ഒക്ടോബർ 7-ാം തീയതി അസ്സീസിയിലും, 4 ജൂനിയർ സിസ്റ്റേഴ്സ് കെനിയയിലെ റുവായ് സെന്റ് അൽഫോൻസ ഫോർമേഷൻ ഹൗസിലും നിത്യവ്രതവാഗ്ദാനം നടത്തി. ഒക്ടോബർ 12-ാം

തീയതി തൃശൂർ അസ്സീസിയിൽ വച്ച് പ്രാർത്ഥനാസമ്മേളനം നടത്തി. അന്നുതന്നെ സി. നോർബർട്ടിന്റെ ജീവിതത്തെ അടിസ്ഥാന മാക്കി സി. മരിയ പുഷ്പം, സി. മേരി ഷൈജ, സി. ഷിൻസി ജോസഫ് എന്നിവർ സിമ്പോസിയം അവതരിപ്പിച്ചു.

2024 ഒക്ടോബർ 19-ാം തീയതി പ്രോവിൻസ് ഡേ വിവിധ പരി പാടികളോടെ ആഘോഷിച്ചു. ഒക്ടോബർ 23-ാം തീയതി ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. ഒക്ടോബർ 24 -ാം തീയതി ഏങ്ങ ണ്ടിയൂർ എം.ഐ ഹോസ്പിറ്റൽ ഡേ ആഘോഷത്തിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫോൺസി മരിയ സംബന്ധിച്ചു. ഒക്ടോബർ 30-ാം ജനറൽ തലത്തിലുള്ള സുവർണ്ണജൂബിലിയാഘോ ഷത്തിൽ നമ്മുടെ 12 സിസ്റ്റേഴ്സ് പങ്കുചേർന്നു.

### എസ് എ ബി എസ്

വി. കൊച്ചുത്രേസ്യായുടെ നാമധാരിയായ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടന്റെ നാമഹേതുകതിരുനാൾ ഒക്ടോബർ 2 ന് ആഘോഷിച്ചു. സമർപ്പണജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സി. ബിൻസി മരിയ മറ്റപ്പിള്ളി, സി. ലിൻസി പോൾ കോന്തുരുത്തി, സി. ആൻസി ജോൺ വാഴംപ്ലായ് ക്കൽ എന്നിവർക്കായി ഒക്ടോബർ 3 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ 13 മണി ആരാധനയിൽ എല്ലാ ഭവനസമൂഹ ങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ സംബന്ധിച്ചു. ഒക്ടോബർ 5 ന് ജൂബിലേറിയൻസിനായി അതിരൂപത സഹായ മെത്രാൻ അഭി വന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലിയിലും തുടർന്നുള്ള സ്നേഹവിരുന്നിലും ബ. വൈദീകരും സമർപ്പിതരും ജൂബിലേറിയൻസിന്റെ മാതാ പിതാക്കളും കുടുംബാംഗങ്ങളും സംബന്ധിച്ചു. ഒക്ടോബർ മാസത്തിൽ മൂവാറ്റുപുഴ NESTT ൽ സിനാക്സിസ് അംഗങ്ങൾക്കായി ജനറലേറ്റിൽ നിന്നും സംഘടിപ്പിച്ചിരിക്കുന്ന റിട്രീറ്റിൽ 2 ബാച്ചുകളി ലായി 24 സിനാക്സിസ് അംഗങ്ങൾ പങ്കെടുത്തു. ഒക്ടോബർ 12 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ ഏകദിന കൺവെൻഷനിൽ, ഭവനസമൂഹങ്ങളുള്ള ഇടവകകളിൽ നിന്നും ദൈവജനം പങ്കെടുത്തു. റവ. ഫാ. റോയ് വേളക്കൊമ്പിൽ, സി. ജീൻ മേരി പൊറുത്തൂക്കാരൻ എന്നിവർ ക്ലാസുകൾ നൽകി. ഒക് ടോബർ 13 മുതൽ 17 വരെ ആസ്പിരൻസ്, അവരുടെ ഡിറക്ട്രസ് സി. സ്റ്റെഫി കണ്ണമ്പുഴ, പോസ്റ്റുലൻസ് എന്നിവർ പോട്ടയിലെ

ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ ചെലവഴിച്ചു. ഒക്ടോബർ 20 ന് പെ. ബ. ജനറാളമ്മ മദർ റോസിലി ജോസ് ഒഴുകയിലും കൗൺസിലേഴ്സും ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസ് ഔദ്യോഗികമായി സന്ദർശിച്ച് പ്രൊവിൻഷ്യൽ ടീമിനോടൊപ്പം പ്രോവിൻസിന്റെ 3 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി. ഒക്ടോബർ 25, 26,27 തിയതികളിൽ ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് Vocation Appreciation Days നടത്തി. പഠനത്തിലും പരിശീലനത്തിലുമായിരിക്കുന്ന ആസ്പിരൻസ്, പോസ്റ്റുലൻസ്, അവരുടെ ഡിറക്ടേഴ്സ്, പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രമോട്ടർ സി. ഹെലൻ ഗ്രെയ്സ് പുളിക്കൻ പുത്തൻവീട് എന്നിവർ ഇതിന് നേതൃത്വം കൊടുത്തു. ജർമ്മനിയിലെ മൂൺസ്റ്ററിലുള്ള ഹിൽട്രൂപ്പിൽ ആരംഭിച്ച പുതിയ സമൂഹത്തിന്റെ സുപ്പീരിയറായി നിയമിതയായിരിക്കുന്ന സി. സിജ റോസ് കൈതാരത്തിന് പ്രോവിൻസിന്റെ പ്രാർത്ഥനാശംസകൾ! ജർമ്മനിയിലുള്ള സിസ്റ്റേഴ്സിന്റെ കോ ഓഡിനേറ്ററായി ചുമതലയേറ്റെടുത്ത സി. എസ്മി മരിയ കള്ളിവളപ്പിലിന് പ്രാർത്ഥനാശംസകൾ!

**സി. എസ്. എസ്**

ഹോളിസ്പിരിറ്റ് ജനറലേറ്റിൽ, ഒക്ടോബർ മാസം 5 ബാച്ചുകളിലായി നടത്തിയ Psycho- Spiritual Refresher Courലെ ന് Province ൽ നിന്നും172 സിസ്റ്റേഴ്സ് പങ്കെടുക്കുകയും Rev. Fr. Joye James SJ ക്ലാസ്സിന് നേതൃത്വം നല്കുകയും ചെയ്തു. പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിലെ മാനസികാരോഗ്യ വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ നവീകരിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം ബഹു. ഉന്നത വിദ്യഭ്യാസ സാമൂഹ്യ നീതിവകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു. ഒക്ടോബർ 1 മുതൽ 28 വരെ പരിയാരം CSR ൽ ഈ വർഷം ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനായി കോഴ്സ് നടത്തപ്പെടുകയും, അതിൽ 10 സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സും 8 സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സും പങ്കെടുത്തു. ഒക്ടോബർ 26 ന് 1999– 2006 ബാച്ചിലെ സിസ്റ്റേഴ്സിനായി batch gathering നടത്തപ്പെടുകയും Rev. Fr. Joe Kallupura SDB ക്ലാസ്സിന് നേതൃത്വം നല്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപതയിൽ നടത്തപ്പെട്ട സമർപ്പിത Veritas quiz ന് first rank കരസ്ഥമാക്കിയ Sr. Sonia CSS, Sr. Agnas CSS, Sr. Bini CSS എന്നിവർക്ക് അനുമോദനങ്ങൾ നേർന്നു. Our Lady's Centre Thrissur, Infant Jesus Convent Mannuthy, Mary Matha Samaritan convent Mambra എന്നീ ഭവനങ്ങളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീ

രീയർ ബഹു. സിസ്റ്റർ റിറ്റ കാനോനിക സന്ദർശനം നടത്തി.

**സി. എസ്. സി**

സ്കൂളിലെ പ്രധാന അധ്യാപകർക്കായി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മീറ്റിംഗ് നടത്തി. കോൺവെന്റുകളിലും സ്ഥാപനങ്ങളിലുമായി കണക്ക് എഴുതുന്ന സഹോദരിമാരുടെ സംശയനിവാരണത്തിനും അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിനും വേണ്ടി 2024 ഒക്ടോബർ 11ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബഹു. സി. ജിഷ കോലഞ്ചേരിയുടെ നേതൃത്വത്തിൽ ക്ലാസ് നടത്തി. 2024 നവംബർ 9 ന് തൃശ്ശൂർ മരിയ പ്രൊവിൻസിന്റെ മധ്യസ്ഥയായ കാണിക്കമാതാവിന്റെ തിരുനാളിനോ ടൊരുക്കമായുള്ള 13 മണിക്കൂർ ആരാധനയിൽ ബഹു ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ വചനസന്ദേശം നൽകുകയും നവംബർ 16 ന് സാഘോഷം കൊണ്ടാടിയ പ്രവശ്യാദിനത്തിലെ ദിവ്യബലിയിൽ ഇരിങ്ങാലക്കുട രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യകാർമികത്വം വഹിച്ച് തിരുവചന സന്ദേശം നൽകി.

**സി. എം. സി**

വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനത്തിൽ പറപ്പൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വെച്ച് 7 പോസ്റ്റുലൻസ് ആത്മീയ ഒരുക്കങ്ങളോടെ നൊവിഷ്യേറ്റിൽ പ്രവേശിച്ചു. സി.മേരി ജൂലിറ്റ് ആണ് നോവിസ് മിസ്ട്രസ്. തൃശൂർ പ്രോവിൻസിലെ ഗോൽഡൻ ജൂബിലി ഘോഷിക്കുന്ന സിസ്റ്റേഴ്സ് പരിയാരം CSR ൽ ഒരു മാസത്തോളം പ്രാർഥനാദിനങ്ങളായി ചെലവഴിച്ചു. ഒക്ടോബർ 2-29 വരെ ബിഷപ്സ് സിനഡിനു വേണ്ടി വി. കുർബാനയിൽ പ്രത്യേകം പ്രാർഥിച്ചു. നിത്യവ്രതം ചെയ്ത് 12 വർഷമെത്തിയ 5 സിസ്റ്റേഴ്സ് ജനറലേറ്റിന്റെ നേതൃത്വത്തിൽ രാമല്ലൂർ സാൻജോ ഭവൻ റിട്രീറ്റ് സെന്ററിൽ ഒക്ടോ. 3 മുതൽ 27 വരെ നടത്തിയ കോഴ്സിൽ സംബന്ധിച്ച് ആത്മീയ ഉണർവ് നേടി. ഒക്ടോബർ 5-ാം തിയതി ഫോർമേഷൻ ഡേ വിവിധ പരിപാടികളോടെ ആഘോഷിച്ചു. തൃശൂർ സെന്റ് മേരീസ് മഠത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനികസന്ദർശനം നടത്തി. വി. അമ്മത്രേസ്യായുടെ തിരുനാൾ ദിനത്തിൽ സീനിയേഴ്സ് ഡേ ഘോഷിച്ചു.

ഒക്ടോ. 17 ന് വി. എവുപ്രാസ്യമ്മയുടെ ജന്മദിനത്തിൽ ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിലും മറ്റ് തിരുകർമ്മങ്ങളിലും പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്റ്റേ

ഴ്സും ഭക്തജനങ്ങളും പങ്കെടുത്തു. ഒക്ടോ. 19 ന് Family Apostolate Centre ൽ വെച്ച് CRI യുടെ നേതൃത്വത്തിൽ നടന്ന 'Growth & Challenges in the middle age' എന്ന സെമിനാറിൽ 60 സിസ്റ്റേഴ്സ് പങ്കെടുത്തു.

20-ാം തിയതി ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിച്ചു. മിഷൻ സൺഡേ കളക്ഷൻ സെമിനാരിക്കാർക്ക് കൈമാറി. അന്നേ ദിനം ജനറലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ ആയി മിഷൻ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. കോർപറേറ്റ് മാനേജർ സി. സ്റ്റെല്ല റോസിന്റെ നേതൃത്വത്തിൽ തൃശൂർ സേക്രഡ് ഹാർട്ട് സ്കൂളിൽ വെച്ച് HMs meet നടത്തി. ഈ മാസം 10 ദിവസം എല്ലാ ഭവനങ്ങളിലും ആരാധനയോടുകൂടിയ ആഘോഷമായ ജപമാല നടത്തി.

## ആദരാഞ്ജലികൾ



09.10.2024 എഫ്.സി.സി തൃശൂർ എം.ഐ ഭവനാംഗമായ ബ. സി. പാസ്കൽ മേരി ഒക്ടോബർ 9-ാം തീയതി രാവിലെ 11.30 ന് നിര്യാതയായി. 10-ാം തീയതി രാവിലെ 10 മാ ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മം നടത്തി.



17.10.2024 എഫ്.സി.സി ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. കലിസ്റ്റ ഒക്ടോബർ 17-ാം തീയതി ഉച്ചതരിഞ്ഞ് 4.30 ന് നിര്യാതയായി. 18-ാം തീയതി ഉച്ചതിരിഞ്ഞ് 4.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം പൂജ്യമായി സംസ്കരിച്ചു.



28.10.2024 എഫ്.സിസി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. സി. ടെർസീന ഒക്ടോബർ 28-ാം തീയതി രാവിലെ 7 മണിക്ക് നിര്യാതയായി. അന്നുതന്നെ ഉച്ചതിരിഞ്ഞ് 5.00 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മം നടത്തി.



13.10.2024 സി.എം.സി. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ സി. റിനാറ്റ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങൾക്കെല്ലാവർക്കും സുഖമാണെന്ന് വിശ്വസിക്കുന്നു. എല്ലാവരും ക്രിസ്തുമസ് പരീക്ഷകൾക്കുള്ള ഒരുക്കത്തിലായിരിക്കുമല്ലോ. എല്ലാവർക്കും പരീക്ഷകളിൽ നല്ല വിജയം ആശംസിക്കുന്നു.

നിങ്ങൾക്കറിയാവുന്നതു പോലെതന്നെ ഡിസംബർ മാസം പരീക്ഷയുടേയും അവധിയുടേയും മാത്രമല്ല, ദൈവം മനുഷ്യനായി ഭൂമിയിൽപിറന്നതിലുള്ള സന്തോഷത്തിന്റേയും, അതിനുള്ള ഒരുക്കത്തിന്റേയും മാസം കൂടിയാണ്. എല്ലാവരും നോമ്പ് എടുത്തിട്ടില്ലേ? നമുക്ക് ഇഷ്ടപ്പെട്ടവ എന്തെങ്കിലും താൽക്കാലികമായി വേണ്ടെന്നുവച്ച്, കൊച്ചു സഹനത്തോടുകൂടി ഈശോയുടെ വരവിനായി ഒരുങ്ങാൻ നമ്മെ സഹായിക്കുന്നതാണ് ഇരുപത്തഞ്ചു നോമ്പ്. നോമ്പെടുക്കാൻ മറന്നു പോയവർ ഇന്നുമുതൽ തന്നെ നോമ്പെടുക്കണം. ദാവീദ് രാജാവ് പറഞ്ഞത് നിങ്ങൾക്ക് ഓർമ്മയില്ലേ: 'എനിക്ക് ചെലവില്ലാത്ത ദഹനബലി എന്റെ ദൈവമായ കർത്താവിന് ഞാൻ അർപ്പിക്കുകയില്ല' (2 സാമുവൽ 24: 24). നമുക്കുവേണ്ടി ബലിയായിത്തീരാൻ, മനുഷ്യനായിപ്പിറന്ന ദൈവത്തിന്റെ വരവിനായി നമുക്കിഷ്ടപ്പെട്ടഒരു കൊച്ചു കാര്യമെങ്കിലും ത്യജിച്ചുകൊണ്ട് നമുക്ക് ഒരുങ്ങാം.

ക്രിസ്തുമസ്സിനായി നോമ്പെടുത്തും, നക്ഷത്രം തൂക്കിയും, ക്രിസ്തുമസ് ട്രീ അലങ്കരിച്ചും, പുൽക്കൂടൊരുക്കിയും ഒരുങ്ങുന്നത് മനോഹരമാണ്. പക്ഷേ അത് പുറമെയുള്ള ഒരുക്കമേ ആകുന്നുള്ളൂ. ഈ ഡിസംബർ 25ന് യഥാർത്ഥത്തിൽ ഉണ്ണീശോ പിറക്കുന്നത് പുൽക്കൂടുകളിലല്ല; നമ്മുടെയൊക്കെ ഹൃദയങ്ങളിലാണ്. ആ ഈശോയെ സ്വീകരിക്കാനായി ഹൃദയങ്ങളെ ഒരുക്കാനും നിങ്ങൾ ശ്രദ്ധിക്കണം. എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്ക് പോകുന്നതും, കൊച്ചുകൊച്ചു സുകൃതജപങ്ങൾ ചൊല്ലുന്നതും, പുണ്യപ്രവൃത്തികൾ ചെയ്യുന്നതും അതിനു നിങ്ങളെ സഹായിക്കും. വിശുദ്ധ അൽഫോൻസാമ്മ ചൊല്ലിയിരുന്ന ഈ സുകൃതജപം നിങ്ങൾക്ക് അതിനായി ഉപയോഗിക്കാവുന്നതാണ്: 'പരിശുദ്ധമറിയമേ, എന്റെ അമ്മേ, എന്റെ ഹൃദയം അങ്ങേ തിരുക്കുമാരന്റെ തൃക്കണ്ണു

കൾക്ക് ഏറ്റവും പ്രിയപ്പെട്ട പൂങ്കാവനമാക്കി തീർക്കണമേ'.

ഡിസംബർ മാസം, കഴിഞ്ഞ ഒരു വർഷത്തെ വിലയിരുത്താനും നല്ല മാറ്റങ്ങൾക്കായി തീരുമാനമെടുക്കാനുമുള്ള സമയം കൂടിയാണ്. ഉപേക്ഷിക്കേണ്ടത് ഉപേക്ഷിക്കാനും, പുതുതായി തുടങ്ങേണ്ടത് ആവേശത്തോടെ ആരംഭിക്കാനും പുതിയ വർഷാരംഭം ഒരു അവസരമായി നിങ്ങളെടുക്കണം.

2024 മംഗളവാർത്തക്കാലത്തോടെ, നമ്മൾ ജൂബിലി വർഷത്തിലേക്ക് (2025) പ്രവേശിച്ചിരിക്കുകയാണ്. ജൂബിലി വർഷത്തിന്റെ പ്രധാന ചിന്താവിഷയം (Pilgrims of Hope) സൂചിപ്പിക്കുന്നതുപോലെ, ഭൂമിയിലെ ഈ ജീവിതത്തിൽ 'പ്രത്യാശയുടെ തീർത്ഥാടകരായി' നമുക്ക് ജീവിക്കാം. ഏവർക്കും നല്ലൊരു ക്രിസ്തുമസ് കാലവും പ്രത്യാശയുടെ ഒരു നവവത്സരവും ആശംസിച്ചുകൊണ്ട് നിർത്തട്ടെ..

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

''ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ'' എന്ന വി. കുർബാനയിലെ പ്രാർത്ഥന നമ്മിൽ യാഥാർത്ഥ്യമാകാൻ, ദൈവപുത്രൻ വന്നുപിറക്കുന്നതിന് നമ്മുടെ ഹൃദയപുൽക്കൂടുകൾ നമുക്ക് ഒരുക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

### I. Sunday Catechism

ഡിസംബർ മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ

I. ക്രിസ്ഫോം 1 ഡിസം. 06-08

2. ലീഡേഴ്സ് മീറ്റ്: ഡിസംബർ 1ന് 9.30 am 4 pm വരെ 11, 12,

എസിസി ക്ലാസ്സുകാർക്ക്. സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്യേതാണ്.

**അധ്യാപകർക്കുള്ള പരിപാടികൾ**

**1. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2024**

യൂണിറ്റ് തലം– 2024 ഡിസംബർ 1, ഞായർ– 03.00 pm - 04.30 pm

പാഠ്യഭാഗം: ''വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം'' ഈ പുസ്തകത്തിന്റെ 9 മുതൽ 17 വരെയുള്ള അധ്യായങ്ങൾ

അതിരൂപതാതലം: 2024 ഡിസംബർ 29, ഞായർ– 02.30 pm - 04.30 pm, DBCLC

അധികപാഠ്യഭാഗം : വെളിപാട് 10, 11, 12 അധ്യായങ്ങൾ

യോഗ്യത: 50 മാർക്കിൽ 45 ഉം അതിൽ കൂടുതലും (90 ശതമാനം/ അതിൽ കുടുതലും) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാ തല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേ അവസാന തിയതി : ഡിസംബർ 16
- ഡിസംബർ 25 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ് എടുക്കാവുന്നതാണ്.
- പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ആവശ്യമായ ഒപ്പുകൾ സഹിതം ഹാൾടിക്കറ്റ് ഉായിരിക്കേതാണ്.

2. വിശ്വാസപരിശീലക കോൺഫ്രൻസ്: ഡിസംബർ 14ന് അതിരൂപതാതലത്തിൽ എല്ലാ വിശ്വാസപരിശീലകരുടേയും സംഗമം നടത്തുന്നു. സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്യേതാണ്

3. ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ

ഡിസംബർ 29, ഞായർ–03.00 pm - 04.30 pm

4. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ

തിയതി: 2025 ജനുവരി 26 ഞായർ

സ്ഥലം : ഡി ബി സി എൽ സി

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേ പേരുവിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പുകളിലും വിശ്വാസപരിശീലന ബ്ലോഗിലെ നോട്ടീസ് ബോർഡിലും കൊടുക്കുന്നതാണ്. താഴെ പറയുന്ന വയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നല്കുന്നത്.

1. Service Award (15, 25, 35, 45 Years)

2. Full Attendance of Teachers (10, 20, 30 years)
3. Retired Teachers 2023-24
4. Special Award Teachers
5. Archdiocesan Level Aptitude Examination Rank Holders
6. Model Units
7. Best Model Unit

**മാതാപിതാക്കൾക്കുള്ള പരിപാടി**

1. പാരന്റ്സ് മീറ്റ്: ഡിസംബർ 22, 9.30 am 4 pm അതിരൂപതാതലത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ ഒരു സംഗമം നടത്തുന്നു. രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴി. (വാർഷികപ്രോഗ്രാമിൽ ഡിസംബർ 15 ആണ് കൊടുത്തിരിക്കുന്നത്)

**പ്രതിഭാപരിശീലനം**

12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി സീറോ മലബാർ ആസ്ഥാനമായ കാക്കനാട് നടത്തപ്പെടുന്ന പ്രതിഭാപരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിനായി സെലക്ഷൻ ക്യാമ്പ് ഡി. ബി. സി. എൽ. സിയിൽ നടത്തുകയുണ്ടായി. നവംബർ 9, 10 തിയതികളിൽ നടത്തിയ ക്യാമ്പിൽ നിന്നും കാക്കനാട് നടക്കുന്ന പ്രതിഭാപരിശീലന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അഭിഷേക് പ്രകാശ് (വെള്ളാറ്റഞ്ഞൂർ), ക്രിസ്വിൻ റോബർട്ട് (നടത്തറ), ഷാനറ്റ് ഷാജി (നോർത്ത് കാരമുക്ക്), എയ്ഞ്ചൽ പി. ജെ. (തിരൂർ). അവർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**II. Daily Catechism**

സ്കൂൾ കാറ്റക്കിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 3 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 1, 2 തിയതികളിൽ ഡി ബി സി എൽ സി വിശ്വാസപരിശീലന ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 11 നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ പേരു വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേതാണ്.

**സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റക്കിസം: ജനുവരി 25 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 8 ശനിയാഴ്ച്ച Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ ഡി ബി സി എൽ സി യിൽ വെച്ച്)

ഏവർക്കും നല്ല ഒരു ക്രിസ്തുമസ്ക്കാലം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

സെക്കന്റ്സെമസ്റ്ററിലെ Marriage Procedural Law of the Church (Rev. Dr. Daijo Poruthur), Liturgical Theology and Syro-Malabar Holy Qurbana (Rev. Dr. Rejoy Pazhayattil ), Introduction to Liturgy: Syro-Malabar, Syro-Malankara, Latin (Rev. Fr. Sinoj Neelankavil)എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

നവംബർ 03 ന് ധാർമ്മികദൈവശാസ്ത്രത്തിനൊരാമുഖപംനം (Rev. Dr. Denny Thanikkal), നവംബർ 17 ന് കേരളത്തിലെ ക്രൈസ്ത വസഭകൾ (Rev. Dr. Demin Tharayil), എന്നീ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Exam DBCLC യിലും മേരിമാതാ മേജർ സെമിനാരിയിലും നടന്നു.

**4. Basic Bible Course (BBC)**

നവംബർ, ഡിസംബർ മാസം ക്ലാസ്സ് നയിച്ചവർ – Rev. Dr. Davis Panakkal CMI, Sri. Joseph Tharakan

**5. Certificate Course on Guidance and Counselling**

Cognitive Behaviour Therapy (Rev. Sr. Lis CMC ), Family Therapy (Rev. Dr. Joby Kadappuran)എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Certificate Course in Sacred Liturgy**

നവംബർ മാസത്തിൽ Liturgical Art, Church Furnishing and Inculturation (Rev. Dr. Paul Kattukkaran), Liturgical Renewal in the light of Constitution on Sacred Liturgy (Rev. Dr. Paul Pulikkan) എന്നീ ക്ലാസ്സുകൾ നടന്നു.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

# എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു , ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത് .

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

2024 സെപ്റ്റംബർ 21 മുതൽ പുതിയ ബാച്ചുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

2024 ജൂലായ് 13-ാം തിയതി ശനിയാഴ്ച ആരംഭിച്ച Excel Foundation Coursesâ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**
(Coaching Centre for Minority Youth)

ജൂലായ് മാസത്തിൽ ആരംഭിച്ച കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9895525077

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

# മേരിമാതാ മേജർ സെമിനാരി

**1. വാർഷിക ധ്യാനം**

2024–2025 അധ്യയനവർഷത്തെ വാർഷികധ്യാനം ഒക്ടോബർ 9 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ നടന്നു. റവ. ഫാ. മാത്യു ഇല്ലത്തുപറമ്പിൽ ആയിരുന്നു ധ്യാനഗുരു. സെമിനാരി കുടുംബത്തിന്റെ ആത്മീയ ഉന്നമനത്തിന് വാർഷിക ധ്യാനം ഏറെ ഉപകരിച്ചു. ദൈവവിളിയിലുള്ള ആഴപ്പെടൽ, ആന്തരികതയിലേക്ക് പ്രവേശിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചു ധ്യാനഗുരു ഉദ്ബോധിപ്പിച്ചു.

**2. ജപമാല മാസാചരണം**

ഒക്ടോബർ മാസം ജപമാലമാസമായി സെമിനാരി കുടുംബം ആചരിച്ചു. ഒക്ടോബർ 21 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് വിവിധ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഒക്ടോബർ 30ന് സെമിനാരി കുടുംബം ആഘോഷമായ ജപമാല പ്രദക്ഷിണം നടത്തി.

**3. പ്രേഷിതദിനാചരണം**

ഒക്ടോബർ 30ന് സെമിനാരി കുടുംബം ഈ വർഷത്തെ പ്രേഷിതദിനമായി ആചരിച്ചു. എം.എസ്.ടി. സന്യാസസമൂഹത്തിലെ അംഗമായ റവ. ഫാ. ജെയിംസ് കുരുകിലാംകാട്ട് അന്നേദിവസം ഹിന്ദി ഭാഷയിൽ ദിവ്യബലിയർപ്പിച്ചു. റവ. ഫാ. സാജു ഇലഞ്ഞിയിൽ എം.എസ്.ടി. വിശുദ്ധ ബലിമദ്ധ്യേ വചനസന്ദേശം നൽകി. ഒമ്പത് മണിക്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ ഈ കാലഘട്ടത്തിലെ പ്രേഷിത ദൗത്യ സാധ്യതകളെപ്പറ്റി റവ. ഫാ. ജെയിംസ് കുരുകിലാംകാട്ട് പ്രഭാഷണം നടത്തി. മിഷൻ ഫണ്ട് സമാഹരണാർത്ഥം വിവിധങ്ങളായ മത്സരങ്ങളും സ്റ്റാളുകളും സംഘടിപ്പിച്ചിരുന്നു.

**4. കുടുംബദിനം**

നവംബർ 6 ന് സെമിനാരിയുടെ കുടുംബദിനം സമുചിതമായി ആഘോഷിച്ചു. പ്രഭാതത്തിലെ ആഘോഷമായ ദിവ്യബലിക്ക് വൈസ് റെക്ടർ റവ. ഫാ. ഫ്രീജോ പാറക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. വിൻസെന്റ് ആലപ്പാട്ട് വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് 12 മണിക്ക് സെമിനാരികുടുംബം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിനോടും അതിഥികളോടുമൊപ്പം പ്രാർത്ഥനാശുശ്രൂഷക്കായി ഒന്നുചേർന്നു. അതിനുശേഷം എല്ലാവരും ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു. വൈകീട്ട് നടന്ന കുടുംബദിന സമാപന കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും റെക്ടർ ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കലച്ചനും ആശംസകളറിയിച്ചുകൊണ്ട് സംസാരിച്ചു. കുടുംബദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായ സഹോദരങ്ങൾക്കും ഗ്രൂപ്പുകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**5. ബഹു. ഡീക്കന്മാരുടെ യാത്രയയപ്പ്**

പരിശീലനം പൂർത്തിയാക്കി സെമിനാരിയോട് വിടപറയുന്ന ബഹു. ഡീക്കന്മാർക്ക് നവംബർ 7 ന് യാത്രയയപ്പ് നൽകി. ബഹു. മാത്യു പെരുമ്പള്ളിയച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ ബലിമദ്ധ്യേ ബഹു. ഡേവിസ് കാവുങ്കൽ അച്ചൻ വചനസന്ദേശം നൽകി. സെമിനാരി കുടുംബത്തിന്റെ കൃതജ്ഞതപ്രകാശനത്തിന്റെ ഭാഗമായി വൈകീട്ട് 7 മണിക്ക്  ഡീക്കന്മാരുടെ യാത്രയയപ്പ് സമ്മേളനം നടന്നു.

**6. ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം**

ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം നവംബർ 9 ന് സംഘടിപ്പിച്ചു. അന്നത്തെ ദിവ്യബലിക്ക് സെമിനാരി റെക്ടർ ബഹു. സെബാസ്റ്റ്യൻ ചാലക്കലച്ചൻ മുഖ്യകാർമ്മികത്വം

വഹിക്കുകയും, ബഹു. സിബി ചെറുതോട്ടിലച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗം പരസ്പരം ഓർമകൾ പങ്കുവക്കുന്നതിന്റെ വേദിയായി മാറി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

1. ശ്രീ. എൻ. ഒ. ജോസ്, നീലങ്കാവിൽ ഹൗസ്, അരിമ്പൂർ.
2. ശ്രീ. ജോജോ ഇ. ജെ., ഇമ്മട്ടി ഹൗസ്, ചേറൂർ.
3. ശ്രീ. അരുൺ ജോൺ, തുമുള്ളിൽ ഹൗസ്, പെരിങ്ങാവ്.

Individual Patron Membership

1. ശ്രീമതി ബ്രിജിറ്റ് ഫ്രാൻസിസ് C/o സി. ലില്ലി ഫ്രാൻസിസ്, മുളക്കൽ ഹൗസ്, സെന്റ് ഫ്രാൻസിസ് കോൺവെന്റ്, തൃശ്ശൂർ.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**നവീകരിച്ച ഓങ്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനവും റേഡിയേഷൻ ഓങ്കോളജി പ്രോജക്ടിന്റെ പ്രഖ്യാപനവും**

നവീകരിച്ച ഓങ്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനവും, റേഡിയേഷൻ ഓങ്കോളജി പ്രോജക്റ്റിന്റെ പ്രഖ്യാപനവും, സ്തനാർബുദ ബോധവത്കരണ പരിപാടികളുടെ ഉദ്ഘാടനവും സിനി ആർട്ടിസ്റ്റ് മഞ്ജു വാര്യർ ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി മിഷൻ ആശുപത്രിയും മഞ്ജു വാര്യർ ഫൗണ്ടേഷനും തമ്മിൽ കൈകോർക്കുന്ന കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ധാരണാപത്രം ഒപ്പിടാൻ ചടങ്ങിൽ ധാരണയായി.

**''ഹോസ്പിറ്റൽ ഓൺ വീൽസ് പദ്ധതി'' ഉദ്ഘാടനം ചെയ്തു**

ഗ്രാമീണ പ്രദേശങ്ങളിലേക്ക് ആരോഗ്യ സേവനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷൻ ''ഹോസ്പിറ്റൽ ഓൺ വീൽസ്''പദ്ധതിക്ക് തുടക്കം കുറിച്ചു. ആധുനിക സൗകര്യങ്ങളുള്ള

ഈ മൊബൈൽ യൂണിറ്റ് പ്രോജക്ട് മഞ്ജു വാരിയർ ഫ്ളാഗ് ഓഫ് ചെയ്തു. ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോസ് ആലുക്കാസ്, മാനേജിംഗ് ഡയറക്ടർമാരായ ജോൺ ആലുക്കാസ്, പോൾ ആലുക്കാസ്, വർഗ്ഗീസ് ആലുക്കാസ് ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ. അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവർ പങ്കെടുത്തു.

ആധുനിക മെഡിക്കൽ സൗകര്യങ്ങളാൽ സജ്ജീകരിക്കപ്പെട്ട ''ഹോസ്പിറ്റൽ ഓൺ വീൽസ്'' എന്ന വാഹനം ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് ആരോഗ്യ സേവനങ്ങൾ നൽകുന്നു. ജോസ് ആലുക്കാസ് ഗ്രൂപ്പിന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയത്.

**റാബീസ് ദിനം ആചരിച്ചു**

ലോക റാബീസ് ദിനത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രഫി മത്സരം നടത്തി. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും പങ്കെടുത്തവരിൽ നിന്നും മൂന്നു വിജയികളെ തിരഞ്ഞെടുത്തു.

**24 മണിക്കൂറും ജാഗ്രതയോടെ ജൂബിലി സ്ട്രോക്ക് ടീം**

ലോക ആരോഗ്യ സംഘടന ആഹ്വാനം ചെയ്യുന്ന പക്ഷാഘാതദിനത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 2003ൽ ആണ് ആദ്യത്തെ ത്രോമ്പോലൈസിസ് ഇൻജക്ഷൻ ജൂബിലിയിൽ ചെയ്യുന്നത്. ത്രോമ്പോലൈസിസ് ചികിത്സയുടെ എണ്ണത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തെ പത്ത് സ്ഥാപനങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കാൻ ജൂബിലിയ്ക്ക് സാധിച്ചു. ന്യൂറോളജി വിഭാഗത്തിലെ പ്രൊഫസർ & എച്ച്. ഒ. ഡി. ഡോ. ഫിജു ചാക്കോ ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

**ദേശീയ ആയുർവ്വേദ ദിനം ആചരിച്ചു**

രാമവർമ്മപുരം ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രിയിൽ ദേശീയ ആയുർവ്വേദ ദിനം ആചരിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചടങ്ങിന്റേയും നവീകരിച്ച വെരികോസ് വെയിൻ, മർമ്മ & സ്പോർട്സ് മെഡിസിൻ ക്ലിനിക്കിന്റേയും ഉദ്ഘാടനം നിർവ്വഹിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി

ജോസഫ് നീലങ്കാവിൽ, കൺസൾട്ടന്റുമാരായ ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. ഹാർവിൻ ജോർജ്ജ്, ഡോ. സിസ്റ്റർ നീത അബ്രഹാം, ഡോ. ബിനു ബാഹുലേയൻ എന്നിവർ പങ്കെടുത്തു.

**ജൂബിലിയിൽ KUHS - QAS ഹാൻഡ് ഹോൾഡിങ്ങ് ഇൻസ്പെക്ഷൻ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ KUHS (കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്) ന്റെ QAS ഹാൻഡ് ഹോൾഡിങ്ങ് ഇൻസ്പെക്ഷൻ നടന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അസ്സസ്സർമാരായ ഡോ. സെയ്ദ് മുസ്താക്, ഡോ. വിക്രം ഗൗഡ, ഡോ. ശ്രുതി എം. വി എന്നിവരെ സ്വാഗതം ചെയ്തു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ എന്നിവർ ജൂബിലി മിഷൻ സ്ഥാപനങ്ങളെക്കുറിച്ച് സംസാരിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- റിജിയോ, കരുവാൻക്കുന്നത്ത് ഹൗസ്, ചേലക്കോട്ടുകര, തൃശ്ശൂർ
- അനയ ഫിബി, പുത്തൂർ
- സി. എൽ. സി., സെന്റ് ജോർജ്ജ് ചർച്ച്, മുക്കാട്ടുകര, തൃശ്ശൂർ
- സുനിത സുരേഷ്, വടക്കാഞ്ചേരി, അഞ്ചുമൂർത്തിമംഗലം
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- അഭ്യുദയകാംക്ഷി

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അമലു ജോയ്
- ഫൈസൻ ഹക്കീം, പെരുംമ്പുള്ളി ഹൗസ്, കാഞ്ഞിരമുക്ക്
- ആതിര രാജേഷ്

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**1. നാസ ഹാക്കത്തോൺ അവാർഡ് വിതരണം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒക്ടോബർ 5, 6 തിയ്യതികളിൽ നടന്ന നാസ സ്പേസ് ആപ്പ്സ് ചലഞ്ച് 2024 ന്റെ അവാർഡ് ദാനം ഒക്ടോബർ 24 ന് തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ വെച്ച് നടന്നു. അമേരിക്കയിലെ നാസ സ്പെയ്സ് സെന്റർ സംഘടിപ്പിച്ച ഈ പ്രോഗ്രാമിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് 4205 രജിസ്ട്രേഷൻ നടത്തി ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത ലോക്കൽ ഹാക്കത്തോൺ എന്ന സ്ഥാനം കരസ്ഥമാക്കിയിരുന്നു. ആയിരത്തിലധികം പേർ നേരിട്ട് പങ്കെടുത്ത ഈ മത്സരത്തിൽ, നാനൂറിൽ അധികം ടീമുകൾ അവരുടെ ആശയങ്ങളും സൃഷ്ടികളും സമർപ്പിച്ച് നാസയിൽ നിന്നും സർട്ടിഫിക്കറ്റ് നേടി. വിജയികളെ അനുമോദിക്കാനായി ഒക്ടോബർ 24 ന് 3 പി.എം ന് കേരള സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യാതിഥി ഫ്രാൻസിലെ Institute of Mechanics ലെ ഡോ. അശ്വിൻ ശേഖർ ആയിരുന്നു.

**2. 19th Graduation Ceremony**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 19-ാം മത് ബിരുദദാന ചടങ്ങ് 2024 നവംബർ 9 ശനിയാഴ്ച നടന്നു. AMET യൂണിവേഴ്സിറ്റി ചെന്നൈയുടെ വൈസ് ചാൻസലർ ഡോ. വി. രാജേന്ദ്രൻ പരിപാടിയിൽ മുഖ്യാതിഥി ആയിരുന്നു.

**3. Admission 2024-25**

കോളേജിൽ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായി. എട്ട് ബ്രാഞ്ചുകളിലായി 564 വിദ്യാർത്ഥികളാണ് ജ്യോതിയിൽ പ്രവേശനം നേടി പഠനം ആരംഭിച്ചിരിക്കുന്നു.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
PRO

# സെൻ്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. കാലിക്കറ്റ് സർവകലാശാല സ്വിമ്മിംഗ് ജേതാക്കൾ**

കാലിക്കറ്റ് സർവകലാശാല നീന്തൽ (പുരുഷ വിഭാഗം), വാട്ടർ പോളോ (പുരുഷ വിഭാഗം)യിൽ തൃശൂർ സെൻ്റ്തോമസ് കോളേജ് ജേതാക്കളായി. നീന്തൽ പരിശീലകൻ ഉണ്ണികൃഷ്ണനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ & സെൻ്റ് തോമസ് കോളേജ് മാനേജ്മെൻ്റിനും പ്രത്യേക അഭിനന്ദനങ്ങൾ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം നേർന്നു.

**2. സെൻ്റ് തോമസ് കോളേജ് ജേതാക്കൾ**

തൃശൂർ സെൻ്റ് തോമസ് കോളേജ് ഇൻ്റർ കോളേജിയേറ്റ് ക്രോസ്സ് കൺട്രി 2024-2025-ൽ ചാമ്പ്യൻമാരായി. അത്‌ലറ്റിക്സ് കോച്ച് അജിത് ടി.എ.ക്ക് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം പ്രത്യേക അഭിനന്ദനങ്ങൾ നേർന്നു.

**3. ഇൻസ്റ്റിറ്റ്യൂഷൻ സന്ദർശനം നടത്തി**

കോളേജിലെ കോമേഴ്സ് (സെൽഫ്-ഫിനാൻസ്) വിഭാഗം കുട്ടനെല്ലൂരിലെ ഫാർമസ്യൂട്ടിക്കൽ കോർപറേഷനായ ഔഷധിയിലേക്ക് സന്ദർശനം നടത്തി.

**4. പി. ടി. എ ജനറൽ ബോഡി**

തൃശൂർ സെൻ്റ് തോമസ് കോളേജിൽ അക്കാദമിക് ബ്ലോക്കിലെ കവിപ്രതിഭ ഹാളിൽ വച്ച് പി. ടി. എ മീറ്റിംഗ് സംഘടിപ്പിച്ചു.

**5. ധാരണ പത്രം ഒപ്പ് വച്ചു**

നാഷണൽ സ്കിൽ ഡെവലപ്മെൻ്റ് കോർപ്പറേഷൻ്റെ (എൻ.എസ്.ഡി.സി) പിന്തുണയുള്ള ജാപ്പനീസ് ലാംഗ്വേജ് പ്രോഗ്രാമുമായി സഹകരിക്കുന്നതിന് തൃശൂർ സെൻ്റ് തോമസ് കോളേജും (ഓട്ടോണമസ്) സാന്താ മരിയ ഇൻ്റർനാഷണലും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

**6. വിബിൻ മോഹന് അഭിനന്ദനങ്ങൾ**

തൃശൂർ സെൻ്റ് തോമസ് കോളേജിലെ മൂന്നാം വർഷ ബി. എ ഇംഗ്ലീഷ് & ഹിസ്റ്ററി വിഭാഗം വിദ്യാർത്ഥി വിബിൻ മോഹൻ ഇന്ത്യൻ സീനിയർ ടീമിലേക്ക് സെലക്ഷൻ ലഭിച്ചു. വിബിനു കോളേജ് അഭിനന്ദനങ്ങൾ നേർന്നു.

**7. ആഗോള പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി**

സെന്റ് തോമസ് കോളേജിലെ ലോകമെമ്പാടുമുള്ള പൂർവ്വ വിദ്യാർത്ഥികളെ ഒരുമിച്ചുകൂട്ടി 'ഗ്ലോബൽ അലുമനൈ മീറ്റ് 2024' സംഘടിപ്പിച്ചു. രാജ്യത്തെ പ്രമുഖ നഗരങ്ങളിലും വിദേശത്തും വസിക്കുന്ന ആയിരക്കണക്കിന് പൂർവ്വവിദ്യാർത്ഥികൾ മീറ്റിന്റെ ഭാഗമായി. ഡോ. കെ.എസ് അനിൽ ഉദ്ഘാടനം നിർവ്വഹിച്ചു. മാർ ജോയ് ആലപ്പാട്ട് അനുഗ്രഹപ്രഭാഷണം നടത്തി.

സി.എ. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. മാർ ടോണി നീലങ്കാവിൽ സന്ദേശം നൽകി. ഈ വർഷം പ്രവർത്തനം ആരംഭിക്കുന്ന ഒ.എസ്.എ ഓസ്ട്രേലിയ ചാപ്റ്ററിന്റെ ഉത്ഘാടനം ബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ നിർവ്വഹിച്ചു. പ്രിൻസിപ്പൽ റവ.ഡോ. മാർട്ടിൻ കെ.എ, റവ. ഫാ. ബിജു പാണേങ്ങാടൻ, ജെയിംസ് മുട്ടിക്കൽ, ഡോ. കെ.പി. നന്ദകുമാർ, ഓസ്ട്രേലിയ, കാനഡ,യു.എസ്.എ, യു.എ.ഇ. ചാപ്റ്ററുകളുടെ ഭാരവാഹികൾ, ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ നേടിയ ആൻസി സോജൻ എന്നിവർ പ്രസംഗിച്ചു.

**8. വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

കോമേഴ്സ് (സെൽഫ് ഫിനാൻസ്)വിഭാഗം റിസർച്ച് മെത്തഡോളജിയിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. മാർ തൂങ്കുഴി ഹാളിൽ ലീഡ് കോളേജ് ഓഫ് മാനേജ്മെന്റ് (ഓട്ടോണമസ്) അസിസ്റ്റന്റ് പ്രൊഫ. ഡോ. ഊർമിള ആർ മേനോൻ ക്ലാസ്സ് നയിച്ചു.

** ഐ.ക്യു.എ.സിയുടെ നേതൃത്വത്തിൽ 'എം.എസ്.ഓഫീസ് ടൂൾസ് ഫോർ ഇന്നൊവേറ്റിവ് ടീച്ചിംഗ് എയ്ഡ്സ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫ. ഡോ. റെസിൻ ആർ.എസ് നേതൃത്വം നൽകി.

**9. ശിൽപ്പശാല സംഘടിപ്പിച്ചു**

'ദി റൈറ്റ് പാത്ത്'-പുസ്തക രചനയും പ്രകാശനവും എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു. താലിമ്പാറ സർ സയ്യിദ് കോളേജ് അസിസ്റ്റന്റ് പ്രൊഫസറും, എഴുത്തുകാരനും, ജേർണലിസ്റ്റുമായ ശ്രീ.വി.എച്ച്. നിഷാദ് നേതൃത്വം നൽകി.

**10. പോളിസി സർക്കിൾ**

സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ മോണിറ്ററി പോളിസിയെക്കുറിച്ച് ചർച്ച നടത്തി. ശ്രീ. സുരേഷ് കോഴിക്കോട്ട് (ഫോർമർ എം.ഡി ആൻഡ് സി.ഇ.ഒ - എസ്.ബി.എ കാപ്പ് വെൻച്യൂർസ് ലിമിറ്റഡ്) സെമിനാർ നയിച്ചു.

**11. മനോഭവ 2024**

സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'മനോഭവ-2024' വിജയകരമായി നടന്നു. വികാരങ്ങൾ എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു ഫെസ്റ്റ്. പ്രിൻസിപ്പൽ ഡോ. ഫാ. മാർട്ടിൻ കെ.എ. യുടെ സാന്നിദ്ധ്യം ചടങ്ങിന് മിഴിവേകി.

**12. മിനിസ്റ്റീരിയൽ സ്റ്റാഫ് ഡേ ആഘോഷിച്ചു**

ഓഫീസ്, ലാബ്, ലൈബ്രറി സ്റ്റാഫുകളുടെ നേതൃത്വത്തിൽ കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഡേ കർമപ്രയാൺ സമുചിതമായി ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി മിനിസ്റ്റീരിയൽ സ്റ്റാഫിനു വേണ്ടി നടത്തിയ സെമിനാറിൽ ഹ്യൂമൻ റിസോഴ്സ് ട്രെയ്നർ ഹരീഷ് ബാബു സ്ട്രെസ്സ് മാനേജ്മെന്റ് വിഷയത്തിൽ ക്ലാസ് നയിച്ചു.

**13. ഒപ്റ്റിമൈസിംഗ് ഔട്ട് കം ബേസ്ഡ് എഡ്യുക്കേഷൻ ത്രു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം**

ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ 'ഒപ്റ്റിമൈസിംഗ് ഔട്ട് കം ബേസ്ഡ് എഡ്യുക്കേഷൻ ത്രു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം' എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു. ലിൻ വെയ്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സീനിയർ പ്രൊഡക്ട് ഇവാൻജലിസ്റ്റ് ശ്രീ. ഷെറി പി.എസ്, ശ്രീ. അലക്സാണ്ടർ ജോർജ് (ഡയറക്ടർ ഓഫ് പ്രൊഡക്ട്) എന്നിവർ ക്ലാസ് നയിച്ചു.

**14. ഓട്ടൻതുള്ളലിലൂടെ ലഹരിവിരുദ്ധ സന്ദേശം**

എക്സൈസ് വിമുക്തി മിഷനും സെന്റ് തോമസ് കോളേജ് എൻ.എസ്.എസ് യൂണിറ്റും ഡോൺ ബോസ്കോ ഡ്രീം പ്രൊജക്റ്റും സംയുക്തമായി സെന്റ് തോമസ് കോളേജിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ നടത്തി. ഓട്ടൻതുള്ളലിന്റെ അകമ്പടിയോടെ യായിരുന്നു ക്യാമ്പയിൻ സംഘടിപ്പിച്ചത്. ജില്ലാ ഏക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ സി. സുനു ഉത്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ.എ. അദ്ധ്യക്ഷത വഹിച്ചു. ലഹരി വിമുക്ത പ്രചരണത്തിന്റെ ഭാഗമായി ശ്രീ. ജയരാജ് വി. ഓട്ടം തുള്ളൽ പ്രകടനം നടത്തി.

**15. ബിരിയാണി മേള സംഘടിപ്പിച്ചു**

സുവോളജി വിഭാഗം വിദ്യാർത്ഥികൾ ബിരിയാണി മേള നടത്തി സമാഹരിച്ച തുക ഒല്ലൂരിലെ പുനരധിവസ കേന്ദ്രമായ 'പുനർജീവൻ' അന്തേവാസികൾക്ക് നൽകി.

**16. രാമചന്ദ്ര റാവു ട്രോഫിക്കു തിരഞ്ഞെടുക്കപ്പെട്ടു**

സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികളെ രാമചന്ദ്ര റാവു ട്രോഫിക്കുള്ള കേരള പുരുഷ അണ്ടർ 25 ടീമിലേക്ക് തിരഞ്ഞെടുത്തു. രണ്ടാം വർഷ എം. കോം വിദ്യാർത്ഥി അക്ഷയ് ടി.കെ., രണ്ടാം വർഷ ബി. കോം വിദ്യാർത്ഥി പവൻ ശ്രീധർ, രണ്ടാം വർഷ ബി. എ ഇംഗ്ലീഷ് വിദ്യാർത്ഥി സച്ചിൻ എം.എസ്. എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടവർ. കോളേജിലെ ക്രിക്കറ്റ് പരിശീലകൻ ഡേവിഡ് ജെ.എ, വിനോദ് മണക്കാട് ട്രോഫിക്കും പി രാമചന്ദ്ര റാവു ട്രോഫിക്കും വേണ്ടിയുള്ള അണ്ടർ 19, അണ്ടർ 25 കേരള പുരുഷ ക്രിക്കറ്റ് ടീമിന്റെ പരിശീലകനായി നിയമിച്ചു.

ആദ്യവർഷ എം.കോം വിദ്യാർത്ഥി കിരൺ സാഗർ 2023-2024 സി.കെ നായിഡു ട്രോഫിക്കുള്ള കേരള അണ്ടർ 23 ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**17. ഹെർബൽ ഗാർഡൻ ഉദ്ഘാടനം ചെയ്തു**

ബോട്ടണി വിഭാഗവും ദേശീയ ഔഷധസസ്യ, സംസ്ഥാന ഔഷധസസ്യ ബോർഡും ചേർന്ന് ചേറൂർ കാമ്പസിൽ ഹെർബൽ ഗാർഡൻ ആരംഭിച്ചു. ചേറൂർ കാമ്പസിൽ തൃശ്ശൂർ സഹായമെത്രാനും മാനേജരുമായ മാർ ടോണി നീലങ്കാവിൽ ഹെർബൽ ഗാർഡൻ ഉദ്ഘാടനം നിർവഹിച്ചു സംസ്ഥാന മെഡിസിനൽ ബോർഡ് സി.ഇ.ഒ, ഡോ.ടി.ഹൃദിഖ് മുഖ്യാതിഥിയായിരുന്നു. റവ. ഫാ. മാർട്ടിൻ കെ.എ അദ്ധ്യക്ഷ പ്രസംഗം നിർവഹിച്ചു

**18. വേൾഡ് സിനിമ സീരീസ്**

മീഡിയ വിഭാഗം മീഡിയ ഹാളിൽ വെച്ച് ഫിലിം ഫെസ്റ്റ് 'വേൾഡ് സിനിമ സീരീസ്' നടത്തി. ആഫ്റ്റർ ലവ്(2020), ഹേർട്ടലസ് (2023), ഹൗ ടു മേക്ക് മില്യൺസ് ബിഫോർ ഗ്രാൻമാ ഡൈസ് എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

**19. ഇന്റർഗ്രൂപ്പ് മത്സരത്തിനായി തിരഞ്ഞെടുക്കപ്പെട്ടു**

കോളേജിലെ എൻ.സി.സി കേഡറ്റുകൾ, ജി.ടി.സി തേഞ്ഞിപ്പലത്ത് ആർ.ഡി.സി 2024 ലെ ഇന്റർഗ്രൂപ്പ് മത്സരത്തിനായി തിരഞ്ഞെടുത്തു. സി.യൂ.ഓ ഐശ്വര്യ പി.എസ്., കേഡറ്റ് ജെസവൽ മെജോ, കേഡറ്റ് ബെനഡിക്റ്റ് ടോം എന്നിവരെയാണ് തെരഞ്ഞെടുത്ത്.

**20. സെമിനാർ നടത്തി**

രാജഗിരി പിഎഫ് സോഷ്യൽ സയൻസസിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്, തൃശൂർ സെന്റ് തോമസ് കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്, എൻ.എസ്.എസ് യൂണിറ്റ്-59 എന്നിവയുടെ

സഹകരണത്തോടെ ഗാർഹിക പീഡനവും അവകാശങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടത്തി. ആത്മ എസ്.പി. സി. യുടെ ലീഗൽ കൗൺസലറും അഭിഭാഷകയും ആയ ഗായത്രി ടി.ഡി സെമിനാർ നയിച്ചു.

**21. ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു**

റ്റി.റ്റി.എസ് ട്രസ്റ്റുമായി സഹകരിച്ച് ഗണിതശാസ്ത്ര ഗവേഷണ വിഭാഗം നടത്തിയ 'എം.റ്റി.റ്റി.എസ് ഓവർ ടോർച്ചർ' - ഗണിതശാസ്ത്രത്തിലെ ദ്വിദിന ശിൽപശാല മാർട്ടിൻ കെ എ ഉദ്ഘാടനം ചെയ്തു. ഡോ.എ.ജെ.ജയന്തൻ, വിസിറ്റിംഗ് പ്രൊഫ. കെ.എസ്.ഒ.എം, കൊല്ലം ബി.ജെ.എം, ഗവ.കോളേജ് ഡോ.വിഷ്ണു നമ്പൂതിരി എന്നിവരാണ് റിസോഴ്സ് പേഴ്സൺസ്. വിവിധ സ്ഥാപനങ്ങളിൽ നിന്നായി 50 വിദ്യാർഥികൾ ഈ പരിപാടിയിൽ പങ്കെടുത്തു.

**22. ഐ.പി.ആറും ടെക് ട്രാൻസ്ഫറും സംബന്ധിച്ച സെമിനാർ**

ഐ.പി.ആറും ടെക് ട്രാൻസ്ഫറും സംബന്ധിച്ച സെമിനാർ എ.ഐ.സി.ടി.ഇ. യുമായി സഹകരിച്ച് ഐ.ക്യു.എസി, ആർ.ആൻഡ്. ഡി സെൽ, ഐ.ഇ.ഡി.സി, ഐ.ഐ.സി എന്നിവ സംഘടിപ്പിച്ച അൺലോക്കിംഗ് ഇന്നൊവേഷൻ, എ.ഐ.സി.ടി.ഇ യുടെ കേരള റീജിയനിനായുള്ള ഐ.പി ആൻഡ് ടെക് ട്രാൻസ്ഫർ മാനേജർ ശ്രീമതി. ഇന്ദു ഗോവിന്ദ്, എ.ഐ.സി.ടി യിലെ ഇന്നൊവേഷൻ സെന്ററിലെ രജിസ്റ്റേർഡ് പേറ്റന്റ് ഏജന്റും ഇന്നൊവേഷൻ ഫെലോ യുമായ ശ്രീമതി. ശ്രുതി എബ്രഹാം എന്നിവർ സെമിനാർ നയിച്ചു.

**23. സെമിനാർ**

കൊമേഴ്സ് ഗവേഷണ വിഭാഗവും അർഥ് നിർമ്മിതി എന്ന സംഘടനയും ചേർന്ന് സാമ്പത്തിക തട്ടിപ്പുകളിൽ നിന്ന് സംരക്ഷണം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ശ്രുതി രാധാകൃഷ്ണൻ ആയിരുന്നു മുഖ്യ പ്രഭാഷക.

**24. പ്രഥമ ശുശ്രൂഷ പരിശീലനം**

ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ല് അടിസ്ഥാന പ്രാഥമിക ശുശ്രൂഷ പരിശീലനം സ്റ്റാഫ് അംഗങ്ങൾക്ക് വേണ്ടി ഒരുക്കി.

**25. വർക്ക്ഷോപ്പ്**

കംപ്യൂട്ടർ സയൻസ് വിഭാഗം മെഷീൻ ലേർണിങ്ങ് ആൻഡ് ഡീപ്പ് ലേർണിങ്ങ് എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഡോ. ജോൺപോൾ സി.ഐ യും, ഡോ. ശ്രീധർ രാജും ആണ് വർക്ക്ഷോപ്പ് നയിച്ചത്.

**26. സെന്റ് തോമസ് കോളേജിലെ ഒറേറ്ററി & ഡിബേറ്റ് ക്ലബ്ബ്**

ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി പ്രസംഗ മൽസരം – വാഗ്മി 2024 സംഘടിപ്പിച്ചു. അനന്ത ലക്ഷ്മി വി., ആൻ തെരേസ ജോർജ്, നമിത എ.റ്റി എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ഡോ.റാണി സെബാസ്റ്റ്യൻ, ഡോ. ബിജു എം.എ, ശ്രീ നന്ദന, ഗ്രേസ് ലറ്റ് പോൾ എന്നിവർ മൽസരങ്ങൾക്ക് നേതൃത്വം നൽകി.

**27. കഥയുടെ വർത്തമാനം**

മലയാള വിഭാഗവും, റീഡേഴ്സ് റൈറ്റേഴ്സ് ക്ലബും സംയുക്തമായി സംഘടിപ്പിച്ച കഥയുടെ വർത്തമാനം എന്ന ദ്വിദിനദേശീയ സെമിനാർ സെന്റ് തോമസിലെ പൂർവ്വ വിദ്യാർത്ഥിയും, കേരള സാഹിത്യ അക്കാദമി അവാർഡ്, ജേതാവും കഥാകൃത്തും നോവലിസ്റ്റുമായ ഇ. സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**മീറ്റ് വിത്ത് ശശി തരൂർ**

മീറ്റ് വിത്ത് തരൂർ എന്ന പേരിൽ നവംബർ 4-ാം തിയ്യതി ചേലക്കര സൗഹൃദ കൂട്ടായ്മ സംഘടിപ്പിച്ച 'നാടിന്റെ വികസനം നമ്മളിലൂടെ' എന്ന പരിപാടിയിൽ മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നിന്നും കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, അസിസ്റ്റന്റ് പ്രൊഫസർ ജോംസൺ പി.പി, വിദ്യാർത്ഥികളായ ടോം ടിറ്റോ വാലി, മിഥുൽ ജോഷി, ഡെന ഡെന്നി, റിസ്വാന പി, സിനി എസ്.ബാബു എന്നിവർ പങ്കെടുത്തു.

**മോഡൽ എക്സാം നടത്തി**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി നവംബർ 8 മുതൽ 15 വരെ മോഡൽ എക്സാം നടത്തി.

**മഹാജൂബിലി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ (MOSA) സംഗമം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നവംബർ

9-ാം തിയ്യതി ശനിയാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മഹാ ജൂബിലി ഓൾഡ് സ്റ്റുഡൻസ് അസോസിയേഷൻ (MOSA) സംഗമം സംഘടിപ്പിച്ചു. സ്റ്റാഫ് സെക്രട്ടറി ഷീബ വി.ജോസ് അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ ഉദ്ഘാടനം നിർവ്വഹിച്ചു. മഹാജൂബിലി ഓൾഡ് സ്റ്റുഡൻസ് അസോസി യേഷൻ പ്രസിഡന്റ് മിസ്റ്റർ അജി നാരായണൻ കെ.കെ. 'MOSA' റിപ്പോർട്ട് അവതരിപ്പിച്ചു. ഐ.ക്യു എ സി കോർഡിനേറ്റർ ശ്രീവിദ്യ രാധാകൃഷ്ണൻ, അസിസ്റ്റന്റ് പ്രൊഫസർ ദീപ എം.ജെ, മറ്റു അധ്യാ പകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**സിനർജി സീരീസ്**

'Exploring Psychosocial factors in Personality Development' എന്ന വിഷയത്തിൽ നവംബർ 12-ാം തിയ്യതി പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ.ദീപ വർഗീസ് സെമിന ാർ അവതരിപ്പിച്ചു.

**സെക്കന്റ് സെമെസ്റ്റർ ആരംഭിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ചിലെ വിദ്യാർത്ഥികളുടെ സെക്കന്റ് സെമെസ്റ്റർ നവംബർ 16-ാം തിയ്യതി ആരംഭിച്ചു.

**ഇന്റേൺഷിപ്പ് അവസാനിപ്പിച്ചു**

മഹാജൂബിലി കലാലയത്തിൽ നിന്നും വിവിധങ്ങളായ സ്കൂളു കളിൽ അധ്യാപന പരിശീലനം നടത്തിയിരുന്ന രണ്ടാം വർഷ വിദ്യാർത്ഥികളുടെ അധ്യാപന പരിശീലനം പൂർത്തിയായി കോളേ ജിൽ തിരിച്ചെത്തുകയും IVth സെമസ്റ്റർ ആരംഭിക്കുകയും ചെയ്തു.

**മന്തിലി ഫീഡ്ബാക്ക് നടത്തി**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാം വർഷ വിദ്യാ ർത്ഥികൾക്കായി ഒക്ടോബർ മാസത്തെ കോളേജ് പ്രവർത്തനങ്ങ ളുടെ മന്തിലി ഫീഡ്ബാക്ക് നവംബർ 29-ാം തിയ്യതി സംഘടിപ്പിച്ചു. ഗണിതശാസ്ത്ര വിഭാഗം വിദ്യാർത്ഥികൾ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധങ്ങളായ കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി..

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**ഓവറോൾ കിരീടം നേടി**

2024-25 വർഷത്തെ സ്പെഷ്യൽ സ്ക്കൂൾ കലോൽസവത്തിൽ ജില്ലാതലത്തിൽ 14 ഇനങ്ങളിലും സംസ്ഥാനതലത്തത്തിൽ 7 ഇനങ്ങളിലും മികച്ചവിജയം നേടി പോപ്പ് പോൾ മേഴ്സി ഹോം ഓവറോൾ കിരീടം സ്വന്തമാക്കി.

**കേന്ദ്രഗവ. അംഗകൃത തൊഴിൽ പരിശീലനം ആരംഭിച്ചു**

കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ(JSS) തൃശ്ശൂരിന്റെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികൾക്കായി നടത്തുന്ന പ്ലംബിംഗ് , വയറിംഗ് കോഴ്സുകളുടെ ഉദ്ഘാടനം ജൻ ശിക്ഷൺ സൻസ്ഥാൻ തൃശ്ശൂർ കോർഡിനേറ്റർ ശ്രീമതി സുധാ സോളമൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട് അദ്ധ്യക്ഷമായിരുന്നു. അസി. ഡയറക്ടർ ഫാ. സീജൻ ചക്കാലക്കൽ, ശ്രീ. ബേബിച്ചൻ, ശ്രീമതി ആലിസ്  കെ.ജെ എന്നിവർ പ്രസംഗിച്ചു.

**പാസ്റ്ററൽ കൗൺസിൽ ആദരം നൽകി**

നവംബർ 9 ന് തശ്ശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സംഘടിപ്പിച്ച അവാർഡ് ദാന ചടങ്ങിൽവച്ച് 2023 വർഷത്തിലെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദ സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ പോപ്പ് പോൾ മേഴ്സി ഹോമിന് ആദരം നൽകി. കൂടാതെ 2023 വർഷത്തിൽ 100 ശതമാനം വിജയം നേടിയ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്ററിറ്റ്യൂട്ടിനുള്ള അവാർഡും, 2023 വർഷത്തിലെ ജില്ലാ, സംസ്ഥാനതല സ്പെഷ്യൽ സ്ക്കൂൾ കലോൽസവത്തിൽ 7 ഇനങ്ങളിൽ എ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം നേടിയ പോപ്പ് പോൾ മേഴ്സിഹോം ടീമിനുള്ള അവാർഡും നൽകി ആദരിച്ചു.

**ദേശീയ സെമിനാർ നടത്തി**

പോപ്പ് പോൾ മേഴ്സി ഹോമിൽ റിഹാബിലിറ്റേഷൻ പ്രൊഫഷണൽസിന്റെയും സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന്റെയും പരിശീലന പരിപാടിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതിയോടെ നടത്തിയ 45 - മത് ദേശീയ സെമിനാറിന്റെ ഉദ്ഘാടനം തൃശ്ശൂർ

ഗവ. ദന്തൽ കോളേജ് തലവൻ ഡോ. മധു ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ.ജോൺസൺ അന്തിക്കാട്ട്, ശ്രീമതി സ്മിത രോഹിത്, ഡോ. വി.എ അജിത, ശ്രീ. വി.വി. ജോസഫ്, ശ്രീമതി ഗെറ്റ്സി പി. എസ്, ശ്രീ. സിനോ സേവി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**മെഡിക്കൽ ക്യാംപ് നടത്തി**

തൃശ്ശൂർ ഗവ.ദന്തൽ കോളേജിന്റെ നേതൃത്വത്തിൽ പോപ്പ് പോൾ മേഴ്സിഹോമിൽ ദന്തൽ ക്യാംപ് നടത്തി ആവശ്യമായ തുടർ ചികിത്സയും ക്രമീകരിച്ചു. കൂടാതെ വടക്കാഞ്ചേരി മാക്സിവിഷൻ Eye hospital ന്റെ നേതൃത്വത്തിൽ നേത്രപരിശോധന ക്യാമ്പും നടത്തി.

**മെഗാ തിരുവാതിര നടത്തി**

നവംബർ 1 കേരളപിറവി ദിനത്തോടനുബന്ധിച്ച് മോഴ്സിഹോം വിദ്യാർത്ഥികളും അദ്ധ്യാപകരും ടീച്ചർ ട്രെയിനീസും ചേർന്ന് 200-ഓളം പേരുടെ മെഗാ തിരുവാതിര നടത്തി.

**ശിശുദിനറാലി നടത്തി**

നവംബർ 14 ന് ശിശുദിനാഘോഷത്തോടനുബന്ധിച്ച് അമ്പലപുരം സെന്ററിലേക്ക് വർണശമ്പളമായ കലാരൂപങ്ങളും പ്ലക്കാർഡുകളും ബലൂണുകളും 25 കുഞ്ഞു ചാച്ചാജിമാരെയും അണിനിരത്തികൊണ്ട് ബാൻഡ് മേളത്തി അകമ്പടിയോടെ നയനമനോഹരമായ ശിശുദിനറാലി നടത്തി.

**മുനിസിപ്പാലിറ്റി ആദരിച്ചു**

സംസ്ഥാനതല സ്പെഷ്യൽ കലോൽസവത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ പോപ്പ് പോൾ മേഴ്സിഹോം മക്കളെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി ആദരിച്ചു. ചെയർമാൻ ശ്രീ. പി. എൻ സുരേന്ദ്രൻ, വൈസ് ചെയർ പേഴ്സൺ ശ്രീമതി ഷീലാ മോഹനൻ, മുനിസിപ്പാലിറ്റി കൗൺസിലേഴ്സ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**സന്ദർശനം നടത്തി**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കാളേജ്, എടപ്പാൾ Ideal കോളേജ്, അങ്കമാലി ലിറ്റിൽ ഫ്ളവർ കോളജ്, പരപ്പനങ്ങാടി സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്, ചെമ്പുക്കാവ് ഹോളിഫാമിലി സ്ക്കൂൾ, വരന്തരപ്പിള്ളി സ്കൂൾ എന്നിവിടങ്ങളിൽ നിന്നും വിവിധ ഇടവകകളിൽ നിന്നും സംഘടനകളും വേദോപദേശ അദ്ധ്യാപകരും വിദ്യാർത്ഥികളും പോപ്പ് പോൾ മേഴ്സിഹോം സന്ദർശിച്ചു.

**മൂന്നാം റാങ്ക് നേടി**

D.Ed Special Education കോഴ്സിൽ ഓൾ ഇന്ത്യ തലത്തിൽ പോപ്പ് പോൾ മേഴ്സി ഹോമിന്റെ പുണ്യാ ദിനേശ് മൂന്നാം റാങ്ക് കരസ്ഥമാക്കി.

**ഫാ. ജോൺസൺ അന്തിക്കാട്ട്**
ഡയറക്ടർ

# കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 1 ഞായർ | - | ലോക എയ്ഡ്സ് ദിനം |
| 3 ചൊവ്വ | - | വി. ഫ്രാൻസിസ് സേവ്യർ |
| 6 വെള്ളി | - | ആദ്യവെള്ളി, വി. കുർബാന, ഡോ. ബി. ആർ. അംബേദ്കർ ദിനം |
| 7 ശനി | - | സായുധസേനാ പതാകദിനം |
| 8 ഞായർ | - | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 ചൊവ്വ | - | മനുഷ്യാവകാശദിനം |
| 13 വെള്ളി | - | മാർ ആൻഡ്രൂസ് താഴത്ത് - ജന്മദിനം |
| 25 (ബുധൻ) | - | ക്രിസ്തുമസ് |
| 28 (ശനി) | - | കുഞ്ഞിപ്പൈതങ്ങൾ |

**2. ക്രിസ്തുമസ് - പുതുവത്സരാംശകൾ**

ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു. ഉണ്ണീശോ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഡിസംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 4,5,6 – 11,12,13 – 18,19,20. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 1 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ

ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ബധിരരും മൂകരുമായവർക്കുള്ള പ്രീകാന കോഴ്സും പോസ്റ്റ് കാന കോഴ്സും**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള പ്രീകാന കോഴ്സും ബധിരരും മൂകരുമായ വിവാഹിതരായ ദമ്പതി കൾക്കുവേണ്ടിയുള്ള പോസ്റ്റ് കാന കോഴ്സും ഫാമിലി അപ്പൊ സ്റ്റൊലേറ്റിൽ വച്ച് ഡിസംബർ 8-ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു. 'കുടുംബം ഭൂമിയിലെ സ്വർഗ്ഗം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. വിവാ ഹത്തിന് ഒരുങ്ങുന്നവരും വിവാഹിതരുമായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന വരെയും വിവാഹം കഴിഞ്ഞ ബധിരരും മൂകരുമായ ദമ്പതികളെയും പറഞ്ഞുവിടുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് - 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ്- 2024 കോടന്നൂർ, കാരമുക്ക്, പള്ളിക്കുന്ന് എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം ന ൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹി കൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ

ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നവംബർ മാസത്തിൽ ചാന്ദ രൂപതയിലേക്ക് മിഷൻ യാത്ര സംഘടിപ്പിച്ചു. അവിടത്തെ കുടുംബങ്ങൾക്കും കുട്ടികൾക്കും കൊടുക്കാനായി വിശുദ്ധ വസ്തുക്കളും പഠനോപകരണങ്ങളും ശേഖരിക്കുകയും മിഷൻ സ്റ്റേഷനുകളിൽ നൽകുകയും ചെയ്തു. ചാന്ദ രൂപതയിലെ ബിഷപ്പ്സ് ഹൗസിലും നാന്ത്ഗാവ്, ചെക്ക് ഫുട്ടാന, എട്ടാപ്പിള്ളി, ഗട്ടാ, ഇന്തൂർ, ഹാച്ച്ബുട്ടി, രങ്കണ്ടോള എന്നീ മിഷൻ സ്റ്റേഷനുകളും സന്ദർശിച്ചു. പ്രധാനമായും ഗട്ടാ മിഷൻ സ്റ്റേഷനിലെ ഗ്രാമങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം പ്രാർത്ഥിക്കുകയും അവർക്കുവേണ്ട സഹായം നൽകുകയും ചെയ്തു. അവരൊടൊപ്പം ഉണ്ടായിരുന്ന ദിനങ്ങൾ വലിയ അനുഭവമായിരുന്നു. അതിനുവേണ്ടി സഹായിക്കുകയും സഹകരിക്കുകയും ചെയ്ത കുടുംബകൂട്ടായ്മ ഭാരവാഹികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും ഒത്തിരി നന്ദി.

**സംയുക്ത മീറ്റിംഗ്**

15.10.2024 ചൊവ്വാഴ്ച രാവിലെ 11 ന് ഫൊറോന ആനിമേറ്റേഴ്സിന്റേയും പ്രവർത്തക സമിതിയുടേയും സംയുക്ത മീറ്റിംഗ് നടത്തപ്പെട്ടു.

**വനിതാ സംഗമം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ വനിതാ ഭാരവാഹികൾക്കായി സെന്റ് തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ വച്ച് 2024 ഡിസംബർ 21-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ വനിതാസംഗമം നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാക്കന്മരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ എന്നിവർ അഭിസംബോധന ചെയ്യുന്ന പ്രസ്തുത സംഗമത്തിൽ എല്ലാ കുടുംബകൂട്ടായ്മ യൂണിറ്റുകളിലെ വനിതാ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**അതിരൂപത ഇലക്ഷൻ**

2025 – 2027 വർഷങ്ങളിലേക്കുള്ള അതിരൂപത മാതൃവേദി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2024 ഡിസംബർ 2–ാം തിയ്യതി തിങ്കളാഴ്ച്ച 2.30 ന് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ഇടവക ഭാരവാഹികളും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

അതിരൂപത തിരഞ്ഞെടുപ്പ് (അതിരൂപത നിയമാവലി പേജ് നമ്പർ 4,10)

1. ഡിസംബർ മാസത്തിലാണ് അതിരൂപതയിൽ ഇലക്ഷൻ നടക്കുന്നത്.
2. അതിരൂപത ഭരണസമിതിയിൽ ഫൊറോന ഭാരവാഹികൾ ഉണ്ടാകാൻ പാടില്ല.
3. അതിരൂപത ഭാരവാഹികൾ ഇടവകയിൽ ഭാരവാഹി ആയിരിക്കണം.
4. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
5. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
6. ഭാരവാഹികളിൽ ഒരാളെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
7. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
8. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ. എക്സിക്യൂട്ടീവ് മെമ്പേഴ്സ് – 3 പേർ.
10. സെനറ്റ് മെമ്പേഴ്സ് 2 പേരെ പിന്നീട് ഡയറക്ടറച്ചൻ നോമിനേറ്റ് ചെയ്യുന്നതാണ്.

11. അതിരൂപതയിൽ ആകെ 10 ഭാരവാഹികളാണ് ഉണ്ടായിരിക്കുക.

**പുത്തൻ പാന സംഗീത നൃത്ത ആവിഷ്കാരം**

അർണോസ് പാതിരിയുടെ ഭാരത പ്രവേശനത്തിന്റെ 325-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. അതിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുത്തൻ പാനയുടെ സംഗീത നൃത്ത ആവിഷ്കാരം ഡിസംബർ 16-ാം തിയ്യതി ലൂർദ്ദ് അംഗണത്തിൽ വെച്ച് 3 മണിക്ക് നടത്തുന്നു. മാതൃവേദിയിലെ എല്ലാ അമ്മമാരും നിങ്ങൾക്ക് നൽകിയ പുത്തൻപാനയുടെ ട്യൂണിൽ പാടി പഠിച്ച് ഡിസംബർ 16-ാം തിയ്യതി വരേണ്ടതാണ്. ഈ പരിപാടി ഏറ്റവും മനോഹരമാകുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഡിസംബർ 2 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വലിയ കുടുംബങ്ങളുടെ സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം ഡിസംബർ 22-ാം

തിയ്യതി ഞായറാഴ്ച്ച തൃശ്ശൂർ പുത്തൻപള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 6.00 വരെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ സംഗമത്തിലേക്ക് നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ പറഞ്ഞയക്കുമല്ലോ. വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

**പ്രാർത്ഥനയും പുഷ്പാർച്ചനയും**

തൃശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ്സമിതിയുടെ നേതൃത്വത്തിൽ അബോർഷനിലൂടെ ഉദരങ്ങളിൽ വെച്ച് ജീവൻ വെടിഞ്ഞ ശിശുക്കൾക്കുവേണ്ടിയും ഭ്രൂണഹത്യ എന്ന തിന്മ പ്രവർത്തിച്ചവരുടെയും അതിന് കൂട്ടുനിന്നവരുടെയും മാനസാന്തരത്തിനുവേണ്ടിയും പാപ പരിഹാര ബലിയർപ്പണവും പ്രാർത്ഥനയും നടന്നു. തൃശ്ശൂർ വ്യാകുല മാതാവിൻ ബസിലിക്ക ദൈവാലയത്തിൽ വച്ച് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ ദിവ്യബലി അർപ്പിച്ചു. പുത്തൻപള്ളി വികാരി ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അജാത ശിശു ക്കളുടെ സ്മാരകത്തിൽ പ്രാർത്ഥനക്ക് നേതൃത്വം കൊടുത്തു. തുടർന്ന് പ്രോലൈഫ് സമിതി പ്രസിഡന്റ് ജെയിംസ് ആഴ്ചങ്ങാടൻ പ്രതിഞ്ജ ചൊല്ലിക്കൊടുത്തു. അജാതശിശുക്കളുടെ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു.

**പ്രോലൈഫ് ടീച്ചേഴ്സ് സെമിനാർ നടത്തി**

തൃശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രോലൈഫ് ടീച്ചേഴ്സ് സെമിനാർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. പ്രോലൈഫ് സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ ഫാമിലി അപ്പസ്തൊലെറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസ്സി. ഡയറക്ടർ ഫാ. അനീഷ് കൂത്തൂർ, ഇ.സി. ജോർജ് മാസ്റ്റർ, രാജൻ ആന്റണി, പ്രിൻസ് കരേരക്കാട്ടിൽ തുടങ്ങിയവർ സംസാരിച്ചു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചുട്ടുള്ള ഏലീശ്വാ സഹഗമനം ഡിസംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഡിസംബർ 8-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ

ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ. ഡെന്നി താണിക്കൽ** | **ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ഡയറക്ടർ | പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**'അമ്മ മാലാഖ'**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ സഹകരണത്തോടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച സപ്ന ട്രേസിയുടെ ജീവിതകഥ പറയുന്ന പുസ്തകമാണ് 'അമ്മ മാലാഖ'. കോപ്പികൾ ആവശ്യമുള്ളവർക്ക് തൃശ്ശൂർ അതിരൂപത ലോഫ്, ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ - 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഡിസംബർ 14-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഡിസംബർ 13,14,15 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഡിസംബർ 13 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 15 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF HOLY FAMILY EVE 2024**

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 29-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് വൈകീട്ട്

6 മണി മുതൽ 9 മണി വരെ തിരുകുടുംബ ദിനാഘോഷം സംഘടിപ്പിക്കുന്നു. എല്ലാ കുടുംബങ്ങളേയും സ്വാഗതം ചെയ്യുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# സി.സി.ഡബ്ല്യു.ഐ

**ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും**

സി.സി.ഡബ്ല്യു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ വച്ച് ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും ഡിസംബർ 14-ാം തിയ്യതി ശനിയാഴ്ച്ച 3.30 ന് സെന്റ് ആൻസ് ഓർഫനേജിൽ വച്ച് നടത്തുന്നു. സി.സി.ഡബ്ല്യു.ഐ അംഗങ്ങളെ എല്ലാവരേയും ക്രിസ്തുമസ് ആഘോഷത്തിലേക്കും സംഗമത്തിലേക്കും ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# പിതൃവേദി

**മെറിറ്റ് ഡേ ഗംഭീരമായി**

തൃശ്ശൂർ അതിരൂപത പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധങ്ങളായ മത്സരങ്ങളുടെ സമ്മാനദാനവും മെറിറ്റ് ഡേയും നവംബർ 17-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3.30 ന് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തുപ്പെടുകയുണ്ടായി. പിതൃവേദി അംഗങ്ങളുടെ മക്കളിൽ 10, 12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് വാങ്ങിയ മക്കളെ ആദരിക്കുകയുംപിതൃവേദിയുടെ

നേതൃത്വത്തിൽ നടത്തിയ ലേഖന മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാന ദാനവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവഹിക്കുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്ന് പിതൃവേദി അംഗങ്ങളുടെ വിവിധങ്ങളായ കലാപരിപാടികളും ഉണ്ടായിരുന്നു. പിതൃവേദിയുടെ മെറിറ്റ് ഡേ ഏറെ ഭംഗിയാക്കിയ ഏവർക്കും നന്ദി പറയുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ആദായ നികുതി വകുപ്പിൽ തൊഴിലവസരം; 47,000 രൂപ വരെ ശമ്പളം**

കേന്ദ്ര സർക്കാരിന്റെ കീഴിൽ ജോലി നേടാൻ ആഗ്രഹിക്കുന്നവർക്ക് സുവർണ്ണാവസരം. ആദായ നികുതി അപ്പലേറ്റ് ട്രിബ്യുണൽ (ഐടിഎടി) സീനിയർ പ്രൈവറ്റ് സെക്രട്ടറി, പ്രൈവറ്റ് സെക്രട്ടറി തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മൊത്തം 35 ഒഴിവുകളാണ് ഉള്ളത്. താല്പര്യമുള്ള ഉദ്യോഗാർഥികൾ തപാൽ വഴി വേണം അപേക്ഷിക്കാൻ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 16.

തസ്തിക

<u>1. സീനിയർ പ്രൈവറ്റ് സെക്രട്ടറി</u>

ഒഴിവുകൾ: 15 (എസ്.സി–02, എസ്.ടി–00, ഒബിസി–01, പിന്നാക്ക വിഭാഗക്കാർ–03, ജനറൽ–09, ഭിന്നശേഷിക്കാർ–01)

പ്രായപരിധി: ഉയർന്ന പ്രായപരിധി 35 വയസ്സാണ്.

എസ്.സി/ എസ്.ടി വിഭാഗക്കാർ, ഭിന്നശേഷിക്കാർ, ഒബിസിക്കാർ, വിമുക്തഭടന്മാർ എന്നിവർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ലഭിക്കും.

<u>2. പ്രൈവറ്റ് സെക്രട്ടറി</u>

ഒഴിവുകൾ: 20 (എസ്.സി–02, എസ്.ടി–01, ഒബിസി–09, പിന്നാക്ക വിഭാഗക്കാർ–00, ജനറൽ–08, ഭിന്നശേഷിക്കാർ–01)

പ്രായപരിധി: ഉയർന്ന പ്രായപരിധി 35 വയസ്സാണ്.

എസ്.സി/ എസ്.ടി വിഭാഗക്കാർ, ഭിന്നശേഷിക്കാർ, ഒബിസിക്കാർ, വിമുക്തഭടന്മാർ എന്നിവർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ലഭിക്കും.

യോഗ്യത : കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ബിരുദം/ തത്തുല്യം.ഇംഗ്ലീഷ് വേഗത്തിൽ ടൈപ്പ് ചെയ്യാൻ കഴിയണം. (ഒരു മിനിറ്റിൽ 120 വാക്കുകൾ വീതം)

തിരഞ്ഞെടുപ്പ് : ആദ്യ ഘട്ടം എഴുത്ത് പരീക്ഷയാണ്. അതിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നവർക്ക് തസ്തികയ്ക്ക് അനുസരിച്ച് സ്കിൽ ടെസ്റ്റ് നടക്കും. തുടർന്ന്, വ്യക്തകത അഭിമുഖവും ഉണ്ടാകും.

എഴുത്ത് പരീക്ഷ/ സ്കിൽ ടെസ്റ്റ് കേന്ദ്രങ്ങൾ: ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ, ഗുവാഹത്തി, ലക്നൗ, അഹമ്മദാബാദ്.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് വിജ്ഞാപനം ഡിസംബറിൽ**

ഉദ്യോഗാർഥികൾ ആകാംക്ഷയോടെ കാത്തിരുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ വിജ്ഞാപനം ഡിസംബറിൽ പ്രസിദ്ധീകരിക്കും.സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് എന്നാണ് പേരെങ്കിലും പിഎസ്സി, നിയമസഭ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വിജിലൻസ് ട്രൈബ്യൂണൽ, സ്പെഷ്യൽ ജഡ്ജ് ആന്റ് എൻക്വയറി കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിലെ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിലും ഈ പരീക്ഷയിലൂടെയാണ് നിയമനം നടക്കുന്നത്.വിശദമായ സിലബസും സ്കീമും വിജ്ഞാപനത്തോടൊപ്പം തന്നെ പ്രസിദ്ധീകരിക്കും. മുഖ്യപരീക്ഷ, അഭിമുഖം എന്നിവക്ക് ശേഷമായിരിക്കും റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക. ബിരുദമാണ് യോഗ്യത. പൊതുപ്രാഥമിക പരീക്ഷക്കുശേഷം നടക്കുന്ന ഈ തസ്തികയുടെ മുഖ്യപരീക്ഷയിൽ ഒബ്ജക്ടീവ് ടൈപ്പിൽ 100 മാർക്ക് വീതമുള്ള രണ്ട് പരീക്ഷകൾ ഉണ്ടായിരിക്കും. നിലവിലുള്ള റാങ്ക് പട്ടിക അവസാനിക്കുന്ന തൊട്ടടുത്ത ദിവസം തന്നെ പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# മദ്യവിരുദ്ധസമിതി

**1. സ്നേഹാദരം – 24.09.2024**

മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനെ അദ്ദേഹത്തിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും പ്രസ്തുത മേഖലയിൽ നൽകിയ സംഭാവനകൾക്കും ആദരം നൽകി. സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ തൃശൂർ പൗരാവലി നൽകിയ ആദരം പരിപാടി മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തൃശൂർ സെന്റ് തോമസ് കോളെജ് പ്രിൻസിപ്പൽ ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് മുഖ്യപ്രഭാഷകനായി. ലഹരി വിരുദ്ധ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി പേരാണ് അച്ചനെ പൊന്നാടയണിയിച്ച് ആദരിച്ചത്.

**2. മധ്യമേഖല സമ്മേളനം – 10.11.2024**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ഇരിഞ്ഞാലക്കുട രൂപത ആളൂർ നവചൈതന്യയിൽ മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. ഇരിഞ്ഞാലക്കുട, തൃശൂർ, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപതകളാണ് യോഗത്തിൽ പങ്കെടുത്തത്. ഇരിഞ്ഞാലക്കുട രൂപത വികാരി ജനറൽ മോൺ. ജോസ് മാളിയേക്കൽ ഉദ്ഘാടകനായി. മധ്യമേഖല പ്രസിഡന്റ് ശ്രീ. സാബു എടാട്ടുകാരൻ അദ്ധ്യക്ഷനായ യോഗത്തിൽ മുഖ്യപ്രഭാഷകനായത് തൃശൂർ അതിരൂപത ഡയരക്ടറും മധ്യമേഖല ഡയരക്ടറുമായ റവ. ഫാ. ഡോ. ദേവസി പന്തല്ലൂക്കാരനാണ്. ഇരിഞ്ഞാലക്കുട രൂപത ഡയരക്ടർ റവ. ഫാ. ജോൺ പോൾ ഈയ്യന്നം ആമുഖ പ്രഭാഷകനായി. അനുഗ്രഹ

പ്രഭാഷണം നടത്തിയത് സുൽത്താൻപേട്ട രൂപത ഡയറക്ടർ റവ. ഫാ. സഹായവേന്ദനാണ്. തൃശൂർ അതിരൂപതയുടെ പ്രവർത്തന റിപ്പോർട്ട് അതിരൂപത പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് യോഗത്തിൽ അവതരിപ്പിച്ചു.

**3. മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം – 10.11.2024**

മുനമ്പം തീരദേശ നിവാസികളുടെ റവന്യൂ അവകാശങ്ങൾ പുന:സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മുനമ്പം ഭൂസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്ന നിരാഹാര സമരത്തിന്റെ 29–ാം ദിവസത്തിൽ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.സി.ബി.സി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സമരവേദി പങ്കിട്ടു.

**4. ശ്രാദ്ധാഞ്ജലി – 17.11.2024**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷ കാലയളവിൽ മരണമടഞ്ഞ സംഘടനാംഗങ്ങളുടെ അനുസ്മരണ യോഗം സംഘടിപ്പിച്ചു. പള്ളിക്കുന്ന് അസംപ്ഷൻ ദൈവാലയത്തിൽ തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന യോഗത്തിൽ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായി. പുതുക്കാട് ഫൊറോന പ്രൊമോട്ടർ റവ. ഫാ. സോണി കിഴക്കൂടൻ ആണ് യോഗം ഉദ്ഘാടനം ചെയ്തത്. അനുഗ്രഹ പ്രഭാഷകനായത് ഇടവക വികാരി റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കലാണ്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## സാന്ത്വനം

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ഒക്ടോബർ മാസത്തിൽ കട്ടിൽ,എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, നെബുലൈസർ, ബെഡ് പാൻ,ക്രച്ചസ് എന്നീ സർജിക്കൽ ഉപകരണങ്ങൾ

വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകിയത്.

**ഭവന നിർമാണ പ്രവർത്തനങ്ങൾ**

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന സാന്ത്വന ഭവന പദ്ധതി പുരോഗമിക്കുന്നു. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 34 ഭവനങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**50% സാമ്പത്തിക സഹായത്തോടെ സൈക്കിൾ വിതരണം ചെയ്തു.**

കാർബൺ എമിഷൻ കുറച്ച് നെറ്റ് സീറോ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനം 40 സൈക്കിളുകൾ വിദ്യാർത്ഥികൾക്കായി പകുതി സാമ്പത്തിക സഹായത്തോടെ വിതരണം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായ ജൈത്ര ഫൗണ്ടേഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിജു പുളിക്കൻ**
അസിസ്റ്റന്റ് ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി

**ആനിമാറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം**

ഒക്ടോബർ 31-ാംതിയ്യതി ശനിയാഴ്ച തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി എന്നീ മൂന്ന് സംഘടനകളിലെയും ആനിമാറ്റർമാർക്കും അതിരൂപത, ഫൊറോനാ തലങ്ങളിലെ ഭാരവാഹികൾക്കുമായി ഡി. ബി. സി. എൽ. സി യിൽ വച്ച് ഒരു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ആനിമാറ്റർമാർക്ക് ബ്രദർ ടിറ്റോയും കുട്ടികൾക്ക് ജോമോൻ താണിക്കൽ അച്ചനും ക്ലാസ്സുകൾ നയിച്ചു. ഏകദേശം നൂറോളം ആനിമാറ്റർമാരും 16 കുട്ടികളും പ്രോഗ്രാമിൽ പങ്കെടുത്തു.

**സ്കൂൾ തിരുബാലസഖ്യം കലാമത്സരങ്ങൾ 2024**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതലത്തിൽ സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായി നവംബർ 9ാം തിയ്യതി കുരിയച്ചിറ സെന്റ്. ജോസഫ്സ് മോഡൽ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച്കലോത്സവം സംഘടിപ്പിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര കലോത്സവം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോമുരിങ്ങാത്തേരി, കോർഡിനേറ്റർ, റവ. സി. ജീജ എസ്. എസ്.പി.സി., അതിരൂപത ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. 36 സ്കൂളുകളിൽ നിന്നുമായി 750 ൽ പരം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. സഹകരിച്ച ഏവർക്കും നന്ദി. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2025 ജനുവരി 19 ഞായറാഴ്ച്ച ഡി. ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ഒഴികെ എ ഗ്രേഡ് ലഭിച്ചവരിൽ ഇനിയും സമ്മാനം ലഭിക്കാത്തവരുണ്ടെങ്കിൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

**അതിരൂപതാതല കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ സ്കൂളുകൾ**

OVERALL TOP SCORERS

FIRST : NirmalJyothi Central School, Mundur
SECOND : St. Paul's Public School, Kuriachira
THIRD : H. C. C. G. U. P. S, Cherlayam

SUBJUNIOR SECTION

FIRST : Sacred Heart Convent Nursery, Thrissur
SECOND : St. Mary's Convent Nursery School, Ollur
THIRD : NirmalJyothi Central School, Mundur
S. H. C. E. M. L. P School Thrissur

JUNIOR SECTION

FIRST : NirmalJyothi Central School, Mundur
C.K.C. English Medium L. P. School, Pavaratty
SECOND : S. H. C. E. M. L. P School Thrissur
THIRD : Holy Redeemer's C. L. P School, Nadathara

SENIOR SECTION

FIRST : NirmalJyothi Central School, Mundur
SECOND : St. Paul's Public School, Kuriachira

THIRD : H. C. C. G. U. P. S, Cherlayam

**തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**

തിരുബാലസഖ്യം വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി.എൽ.സി വാർഷിക റോപ്പോർട്ടിന്റെ ഫോമും, ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പണും റോസറി കളക്ഷനും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, പ്രയർഫ്രണ്ട് കളക്ഷൻ കവറും ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപ്പറ്റേണ്ടതാണ്. ഡിസംബർ 31ാം തിയതിക്കുള്ളിൽ കവറുകളും വാർഷിക റിപ്പോർട്ടും തിരിച്ചേല്പിക്കേണ്ടതാണ്.

**Saints' Quiz Archdiocesan Level**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ നടത്തിയ Saints' Quiz മത്സരത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടികൾക്കായി തൃശ്ശൂർ, ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2024 ജനുവരി 2 വ്യാഴാഴ്ച്ച ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണിവരെ അതിരൂപതാതല സെയന്റ്സ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. അതിരൂപതാതല മത്സരത്തിനുള്ള 70% ചോദ്യങ്ങൾ ചിൽഡ്രൻസ് മിനിസ്ട്രിയിൽ നിന്നും വാട്ട്സ് അപ്പ് വഴി ഇടവക തല പരീക്ഷയ്ക്കു ശേഷം അയച്ചുതരുന്ന 12 വിശുദ്ധരുടെ ജീവചരിത്രം മുഴുവനും ഉൾകൊള്ളുന്ന pdf ഡോക്യുമെന്റ് ഫയലിൽ നിന്നും ഒപ്പം 30% ചോദ്യങ്ങൾ 2024 ജനുവരി മുതൽ 2024 ഡിസംബർ വരെയുള്ള മാസങ്ങളിലെകത്തോലിക്കാ സഭ പത്രങ്ങളിലെ Kids For Christ (KFC) എന്ന പേജിൽ നിന്നുമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9947582522

**ക്രിസ്തുമസ്കാർഡ് മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെവിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസ് കാർഡ് മത്സരം സംഘടിപ്പിക്കുന്നു. മത്സരനിബന്ധനകൾ താഴെ കൊടുക്കുന്നു.

1. ഒന്നാം ക്ലാസ്മുതൽ പന്ത്രണ്ടാം ക്ലാസ്വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം. വിശ്വാസപരിശീലന ക്ലാസ്സ് അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തപ്പെടുന്നത് (Classes: I III, IVVI, VIIIX, XXII).
2. ക്രിസ്തുമസ് കാർഡിന് 30 സെ.മീ. നീളവും, 42 സെ. മീ. വീതി

യും (വിടർത്തിവയ്ക്കുമ്പോൾ) ഉണ്ടായിരിക്കേണ്ടതാണ്.

3. വരയ്ക്കൽ, കളറിംഗ്, എഴുത്ത്, പേപ്പർ ക്രാഫ്റ്റ്സ്, അലങ്കാരങ്ങൾ എന്നിവ അനുവദനീയമാണ്.
4. വർണക്കടലാസുകൾ, പഞ്ഞി, തുണി, മുത്തുകൾ, ഗിൽറ്റ്, രണ്ടു വശമുള്ള സ്റ്റിക്കർ, പശ എന്നിവ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.
5. ക്രിസ്തുമസ്കാർഡ് 2024 ഡിസംബർ 15ാം തിയതിക്കുള്ളിൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ (ഡി.ബി.സി.എൽ.സി., ബിഷപ്സ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ) നേരിട്ട് എത്തിക്കേണ്ടതാണ്.
6. കാർഡിനൊപ്പം കുട്ടിയുടെ പേര്, ക്ലാസ്, ഫൊറോന, ഇടവക, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്ലിപ്പ് വയ്ക്കേണ്ടതാണ്. കാർഡിൽ പേര് എഴുതുവാൻ പാടുള്ളതല്ല.
7. ആശയം, മനോഹാരിത, വ്യത്യസ്തതയാർന്ന നിർമ്മിതി എന്നിവ മാനദണ്ഡങ്ങളാണ്.
8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
9. മികച്ച ക്രിസ്തുമസ്കാർഡുകൾ ക്രിസ്തുമസ് ആശംസകളോടെ വിയ്യൂർ ജയിലിലെ അന്തേവാസികൾക്ക് കൊടുക്കുന്നതായിരിക്കും.
10. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2024 ജനുവരി 19 ഞായറാഴ്ച്ച തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**നാനോ ക്രിബ്മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെവിശ്വസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് നാനോ ക്രിബ്  മത്സരം സംഘടിപ്പിക്കുന്നു. മത്സരനിബന്ധനകൾ താഴെ കൊടുക്കുന്നു.

1. ഒന്നാം ക്ലാസ്മുതൽ പന്ത്രണ്ടാം ക്ലാസ്വരെയുള്ള കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. വിശ്വാസപരിശീലന ക്ലാസ്സ് അടിസ്ഥാനത്തിൽ നാല്വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തപ്പെടുന്നത് (STD: IIII, IVVI, VIIIX, XXII).
2. 45 സെന്റീമീറ്റർ നീളത്തിനും വീതിക്കും ഉയരത്തിനും ഉള്ളിലാണ് പുൽക്കൂട് നിർമ്മിക്കേണ്ടത്.
3. പുൽക്കൂട് നിർമ്മിക്കാൻ തെർമോക്കോൾ, പാഴ്വസ്തുക്കൾ, പുല്ല്, വൈക്കോൽ, മണ്ണ്, കളിമണ്ണ്, കടലാസ് എന്നിവ ഉപയോഗി

ക്കാവുന്നതാണ്.

4. ഡിസംബർ 23 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് മുൻപായി നാനോ പുൽക്കൂട്ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ (ഡി.ബി. സി.എൽ.സി., ബിഷപ്സ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ) നേരിട്ട് എത്തിക്കേണ്ടതാണ്.
5. മത്സരത്തിൽ പങ്കെടുക്കുവാൻതാല്പര്യമുള്ളവർ ഡിസംബർ 20-ാം തിയതിക്ക് മുമ്പായി വാട്ട്സ് ആപ്പ് ഗ്രൂപ്പ് വഴി നൽകുന്ന ഗൂഗൾ ഫോം ലിങ്ക് വഴിയായി പേര് നൽകേണ്ടതാണ്.
6. മനോഹാരിത, വ്യത്യസ്തതയാർന്ന നിർമിതി എന്നിവ മാന ദണ്ഡങ്ങളാണ്.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. മത്സരശേഷം ക്രിബുകൾ ആവശ്യമെങ്കിൽ തിരിച്ചുകൊണ്ടു പോകാവുന്നതാണ്.
9. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2024 ജനുവരി 19 ഞായ റാഴ്ച്ച തൃശ്ശൂർ ഡി.ബി.സി.എൽ.സി യിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**ക്രിസ്തുമസ്സന്ദേശ പ്രസംഗമത്സരം**

ജൂനിയർ സി.എൽ.സി. അംഗങ്ങൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ക്രിസ്മസ് സന്ദേശ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ക്രിസ്തുമസ് സന്ദേശ മടങ്ങുന്ന ഒരു മിനിറ്റ് കവിയാത്ത വീഡിയോ ചിത്രീകരിച്ച് 9947582522 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് ഡിസം ബർ 12-ാം തിയതി അയച്ചുതരേണ്ടതാണ്. ഡിസംബർ 15 ന് മുമ്പോ ശേഷമോ വീഡിയോ അയയ്ക്കാൻ പാടുള്ളതല്ല. വീഡിയോ ഡോക്യുമെന്റ് ഫോർമാറ്റിൽ, ഫയലിൽ പേര്, ഇടവക എന്നിവ രേഖപ്പെടുത്തിയാണ്അയയ്ക്കേണ്ടത്. വീഡിയോയിൽ മറ്റു സാങ്കേ തിവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ആനിമേഷൻസോ, മറ്റു ശബ്ദങ്ങളോ ചേർക്കുവാൻ പാടുള്ളതല്ല. മത്സരാർത്ഥിയുടെശബ്ദവും മുഖവും വ്യക്തമായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ഗുണനിലവാരമുള്ള വീഡിയോസ്മീഡിയ കത്തോലിക്ക യൂറ്റൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നതാണ്. സന്ദേശം പറയുന്നതിന് ഉപയോഗിക്കേണ്ട ഭാഷ മലയാളമാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

<u>തിരുവചനം:</u> 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുകയില്ല '( മത്തായി 18: 3 )

സുകൃതജപം: ഓ എന്റെ ഉണ്ണീശോയെ എന്റെഹൃദയത്തിലേക്ക് എഴുന്നള്ളിവരേണമേ.

പ്രാർത്ഥനാ നിയോഗം: ഈവരുന്ന ജൂബിലി വർഷത്തിന്റെ ആരംഭത്തിൽ തന്നെ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാനും പ്രത്യാശയുടെ തീർത്ഥാടകരായി സഭയിൽ വർത്തിക്കുവാനും വേണ്ടിയുള്ള നിയോഗത്തോടെ പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: കൂട്ടുകാരെ മനസ്സിലാക്കി വായിക്കുവാൻ ശ്രമിക്കണെ. മനസ്സിലാക്കി വായിച്ചാൽ ഉള്ളുതുറന്ന് ചിരിക്കുവാൻ പോരുന്ന പലതും നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധനിൽ കാണുവാൻ സാധിക്കും. ഉദാഹരണത്തിന് ഒരു ചെറിയ കാര്യം ഇവിടെ വിവരിക്കാം. നിഷ്കളങ്ക മനസ്സിന്റെ ഉടമയായ ഈ വിശുദ്ധൻ, വിശുദ്ധ ലൂക്കായുടെസുവിശേഷത്തിൽ ഈശോവിവരിക്കുന്ന കള്ളന്മാരുടെയും കവർച്ചക്കാരുടെയും കയ്യിൽ അകപ്പെട്ട ആ മനുഷ്യന്റെ ജീവിതത്തോട്കുറച്ച് താരതമ്യം തോന്നുന്ന ഒരു ജീവിത സാഹചര്യത്തിന് ഉടമയാണ്. നമ്മുടെ ഈ വിശുദ്ധൻ കവർച്ചക്കാരുടെ കയ്യിൽ അകപ്പെട്ട് അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്ന പണമെല്ലാം കൊള്ള ചെയ്തു. അവസാനം വീണ്ടും ആ കൊള്ളക്കാർ അദ്ദേഹത്തോട് ചോദിച്ചു 'ഇനിയും പണം വല്ലയിടത്തും സൂക്ഷിച്ചു വെച്ചിട്ടുണ്ടോ എന്ന്'. ഇല്ലെന്ന് അദ്ദേഹം മറുപടിയുംനൽകി. കൊള്ളക്കാർ അവനെ അവിടെ ഉപേക്ഷിച്ചിട്ട് കടന്നുകളഞ്ഞു. പിന്നീടാണ് അദ്ദേഹം തന്റെ മേലങ്കയിൽ കുറേ നാണയങ്ങൾ കൂടി ഭംഗിക്കായി തയ്ച്ചു വെച്ചിട്ടുള്ള കാര്യം ഓർത്തത്. ഉടനെ അദ്ദേഹം ആ കവർച്ചക്കാരെവിളിച്ച് ആ പണവും കൂടി എടുത്തു കൊള്ളുവാൻ പറഞ്ഞു. ഹ ഹ ഹ ഹഹ... ആശ്ചര്യഭരിതരായ ആ കവർച്ചക്കാർ കവർച്ച ചെയ്ത എല്ലാ പണവും അദ്ദേഹത്തിനു തന്നെ തിരിച്ചു നൽകി. എന്തൊരു നിഷ്കളങ്കത അല്ലേ?. ക്ഷമയും ശാന്തതയും പരസ്പര സ്നേഹവും ആയിരിക്കട്ടെ നിങ്ങളുടെ ആയുധങ്ങൾ എന്ന വിചിന്തനത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്ന വിശുദ്ധനാണ് ക്രാക്കോയിലെ വിശുദ്ധ ജോൺ കാൻഷിയുസ്. ഡിസംബർ 23ന് തിരുസഭയിൽ സ്മരിക്കപ്പെടുന്നു.

പ്രവർത്തനം: 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'. ദൈവത്തിന്റെ രക്ഷാകര വചനമായ ഈശോയുടെ പിറവിത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ വചനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ജീവിതം നമുക്ക് പ്രാവർത്തികമാക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി** | **സി. ജീജ SSPC**
ഡയറക്ടർ | കോർഡിനേറ്റർ

# കെ സി വൈ എം

ബംഗളൂരു കമേലിയൻ പാസ്റ്ററൽ ഹെൽത്ത് സെന്ററിൽ വെച്ച് നടന്ന എസ്.എം.വൈ.എം നാഷ്ണൽ യൂത്ത് മീറ്റിൽ തൃശ്ശൂർ കെ സി വൈ എം ഡയറക്ടർ ഫാ. ജിയോ ചെരടായി, പ്രസിഡന്റ് ജിഷാദ് ജോസ്, ട്രഷറർ വിബിൻ ലൂയിസ്, സംസ്ഥാന സെനറ്റ് അംഗം റിൻസി റോയ് എന്നിവർ പങ്കെടുത്തു.

**ഒപ്പം**

യുവജനങ്ങളുടെ സമഗ്ര വികസനത്തിന് മാറ്റുകൂട്ടാനും, യുവജനങ്ങളെ കൂടുതൽ അടുത്തറിയാനും, സഭയോടും പ്രസ്ഥാന ത്തോടും അവരെ കൂടുതൽ അടുപ്പിക്കുവാനും പ്രസ്ഥാനത്തിന്റെ ശക്തി കേന്ദ്രമായ യൂണിറ്റുകളിലേയ്ക്ക് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് വിസിറ്റുകൾ നടത്തപെടുന്നു. ഇതിനേ ാടകം 60 ഓളം വിസിറ്റുകൾ പൂർത്തിയാക്കി. ഒക്ടോബർ മാസത്തിൽ വലക്കാവ്, മുണ്ടൂർ, വിയ്യൂർ യൂണിറ്റുകളിൽ സന്ദർശനം നടത്തി.

**അമ്മയ്ക്ക് അരികെ**

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ഈ ഒക്ടോബർ 28 തിങ്കളാഴ്ച വൈകീട്ട് 6 മണിക്ക് ലൂർദ്ദ് കത്തീ ഡ്രൽ ദേവാലയ അങ്കണത്തിൽ യുവജനങ്ങൾ ഒത്തു ചേർന്ന് ജപ മാല പ്രാർത്ഥന നടത്തി.

കെ സി വൈ എം സംസ്ഥാന സമിതി നടത്തിയ യുവജന വർഷത്തിൽ അമ്മയോടൊപ്പം ജപമാല മാസാചരണം ഓൺലൈൻ ജപമാലയ്ക്കു ഒക്ടോബർ 27 ന് തൃശ്ശൂർ അതിരൂപത നേതൃത്വം നൽകി. യൂണിറ്റ്, ഫോറോന, രൂപത തലങ്ങളിൽ നിന്നും നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**കനൽ**

ഫൊറോനയിലെ എല്ലാ യുവജനങ്ങളെയും ചേർത്ത് പിടിച്ചു കൊണ്ട്  കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ നേ തൃത്വത്തിൽ അതിരൂപതയിലെ 16 ഫൊറോനകളിൽ ആയി ന ടത്തുന്ന ഫൊറോന സംഗമങ്ങൾ തുടരുന്നു. പഴുവിൽ, പാലയൂർ, വേലൂർ, പുത്തൂർ, ഫൊറോനകളിൽ കനൽ സംഗമങ്ങൾ നടത്തപ്പെട്ടു.

**കെ സി വൈ എം തൃശ്ശൂർ അതിരൂപത യുവജന ദിനാഘോഷം 2024 ലോഗോ പ്രകാശനം ചെയ്തു.**

അതിരൂപതയിലെ മുഴുവൻ യുവജനങ്ങളെയും കോർത്തിണക്കി കൊണ്ട് 2024 ഡിസംബർ 01 ന് നടക്കാനിരിക്കുന്ന കെ സി വൈ എം യുവജന ദിനാഘോഷത്തിന്റെ ലോഗോ പ്രകാശനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. ''കണ്ണിൽ കനവും കരളിൽ കനലും കാലിൽ ചിറകു മുള്ള ക്രൈസ്തവ യുവത്വം'' എന്ന ആപതവാക്യത്തിൽ അധിഷ്ഠി തമായാണ് നടത്തുന്ന യുവജനദിനാഘോഷം നടത്തപ്പട്ടത്.

**ഫാ. ജിയോ ചെരടായി**

ഡയറക്ടർ

## ജീസസ്സ് യൂത്ത്

**സോണൽ അസംബ്ലി**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ കമ്മിറ്റ്മെന്റ് എടുത്തവർ ഒരുമിച്ചു കൂടുന്ന സോണൽ അസംബ്ലി നവംബർ 10 ന് ഉച്ചയ്ക്ക് ഒന്നര മുതൽ വൈകിട്ടു അഞ്ചര മണി വരെ കുരിയിചറ, സെന്റ് ജോസഫ് സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ഈ അസംബ്ലിയിൽ തൃശൂർ സോണിലെ ജീസസ് യൂത്ത് ശുശ്രൂഷകളെകുറിച് ചിന്തി ക്കുകയും ചർച്ച ചെയ്യുകയും ഒരുമിച്ച് നല്ല തീരുമാനങ്ങൾ എടുക്കു ന്നതിനും ജീസസ് യൂത്ത് നാഷണൽ, കേരള അസംബ്ലിയിലേക്ക് തൃശൂർ സോണിൽ നിന്നും പങ്കെടുക്കാനുള്ള ഡെലിഗേറ്റസിനു തിരഞ്ഞെടുക്കുന്നതിനുവേണ്ടിയും പ്രധാനമായും ലക്ഷ്യം വെച്ചു കൊണ്ട് നടന്ന പ്രോഗ്രാമിൽ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ (ജീസസ് യൂത്ത് ഡയറക്ടർ), അഡ്വ.ജോജോ ജേക്കബ്, സോൾ സെബാസ്റ്റ്യൻ (കേരള ജീസസ് യൂത്ത് കൗൺസിൽ മെമ്പർ), ആൽബിൻ (കേരള ജീസസ് യൂത്ത് കൗൺസിൽ മെമ്പർ), ജോസഫ് ബാസ്റ്റിൻ (കേരള ജീസസ് യൂത്ത് കൌൺസിൽ മെമ്പർ), ജെറിൻ ജോയ് (തൃശൂർ ജീസസ് യൂത്ത് കോർഡിനേറ്റർ), ബിബിൻ (സോണൽ അസംബ്ലി ജനറൽ കോർഡിനേറ്റർ) എന്നിവർ സന്നി ഹിതരായിരുന്നു.അസംബ്ലിയിൽ ഇരുന്നൂറ്റി മുന്നൂറോളം പേർ പങ്കെടുത്തു.പങ്കെടുത്ത ഓരോ വ്യക്തികൾക്കും പുതിയ ഊർജം

പകരുവാൻ അസംബ്ലിയിലെ ചർച്ചകളും കൂടിയാലോചമകളും സഹായകരമായി.

**ഇൻ ലവിങ് മെമ്മറി ഓഫ് ജെ. വൈ. ഫ്രണ്ട്സ് ഇൻ ഹെവൻ**

മരിച്ച വിശ്വാസികൾക്ക് വേണ്ടി നാം പ്രേത്യകം പ്രാർത്ഥിക്കുന്ന ഈ നവംബർ മാസത്തിൽ  തൃശൂർ സോണിലെ ജീസസ് യൂത്ത് മൂവിമെന്റിൽ നിന്നും വേർപിരിഞ്ഞു പോയവരെ ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് അവർക്കു വേണ്ടി വിശുദ്ധ ബലിയും ഒപ്പിസും ചൊല്ലി പ്രാർത്ഥിക്കാനായി നവംബർ എട്ട് വെള്ളിയാഴ്ച വൈകിട്ട് ഏഴു മണി മുതൽ വൈകിട്ട് ഒമ്പതര വരെ ഒല്ലൂർ, എവുപ്രസ്യമ്മ തീർഥകേന്ദ്രത്തിൽ വെച്ച് ഒരുമിച്ചു കൂടി. തൃശൂർ സോണിൽ ജീസസ് യൂത്ത് മൂവിമെന്റിൽ സജീവമായി ശുശ്രൂഷ ചെയ്തുകൊണ്ട് നമ്മിൽ നിന്നും വേർപിരിഞ്ഞ നാൽപത്തിയൊന്നോളം പേരും അവരുടെ കുടുംബവും ഒരുമിച്ചു ആത്മാക്കളുടെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിച്ചു. ഫാ. ദേവ് അഗസ്റ്റിൻ അക്കര OFM Cap, ഫാ.ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ (ജീസസ് യൂത്ത് ഡയറക്ടർ) വിശുദ്ധ കുർബാനക്കു കാർമീകത്വം വഹിച്ചു. ഇരുന്നൂറോളം ആളുകൾ ഇതിൽ പങ്കെടുത്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**സംഗമം**

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വ സംഗമം സെപ്റ്റംബർ മാസം 25–ാം തീയതി ബുധനാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽവെച്ച് നടന്നു. നേതൃത്വസംഗമം കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയുടെ (K.C.S. C.) സേവന സമിതി കോ–ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

ഡയറക്ടർ ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുഗ്രഹസന്ദേശം നൽകി. മുൻ സർവീസ് ടീം അംഗങ്ങൾക്കും മുൻ സബ് സോൺ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർക്കും മെമന്റോ നൽകി ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ ആദരിച്ചു. പുതിയ സോണൽ സർവീസ് ടീമിന് ബഹുമാനപ്പെട്ട റോയ് അച്ചൻ പരിചയപ്പെടുത്തി. ഏകദേശം 150 ഓളം ഇടവക പ്രാർത്ഥന കൂട്ടായ്മകളിൽ നിന്ന് 600 ഓളം പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. സോണൽ കോ-ഓർഡിനേറ്റർ ഷാജു. കെ. കെ., സെക്രട്ടറി റോയ് തൈക്കാട്ടിൽ, ട്രഷറർ വിൻസൻറ് ചിറയത്ത്, മറ്റു സർവീസ് ടീം അംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**തിരുസന്നിധേ**

ജൂബിലിക്ക് ഒരുക്കമായ ജൂബിലേവൂസ് സഹസ്രദിന ഒരുക്ക പ്രാർത്ഥന സെപ്റ്റംബർ 18ന് ഒല്ലൂർ സബ് സോണിൽ പടവരാട് സെന്റ് തോമസ് ദേവാലയത്തിൽ രാവിലെ 9.30 മുതൽ വൈകിട്ട് 3 വരെ നടന്നു. ഇടവക വികാരി റവ. ഫാ. സെബി ചിറ്റാട്ടുകര ജൂബിലി തിരിതെളിയിച്ചു ഉദ്ഘാടനം ചെയ്തു. കെ. സി. എസ്. സി. അംഗം സാബു എം വർഗീസ് ജൂബിലി സന്ദേശം നൽകി. തൃശ്ശൂർ സോൺ അസിസ്റ്റൻറ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ വിശുദ്ധബലി അർപ്പിച്ചു. സബ് സോൺ ആനിമേറ്റർ റവ. ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ ദിവ്യകാരുണ്യ ആരാധന നയിച്ചു. സോൺ സർവീസ് ടീം അംഗങ്ങൾ മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. സബ് സോൺ കോ-ഓർഡിനേറ്റർ സെബു ഇമ്മട്ടി സ്വാഗതവും സോൺ സെക്രട്ടറി റോയ് തൈക്കാട്ടിൽ നന്ദിയും പറഞ്ഞു. സോൺ കോ-ഓർഡിനേറ്റർ ഷാജു കെ. കെ. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏകദേശം 200 ഓളം പേർ ഈ ഉപവാസപ്രാർത്ഥനയിൽ പങ്കെടുത്തു.

**കരിസ്മാറ്റിക് കുടുംബോത്സവം**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായ കരിസ്മാറ്റിക് കുടുംബങ്ങളുടെ ഒത്തുചേരൽ വേലൂർ സബ് സോണിൽ ആരംഭിച്ചു. വേലൂർ ഫൊറോനയിലെ കുറുമാൽ സെൻറ് ജോർജ് ദേവാലയത്തിൽ സെപ്റ്റംബർ 28ന് ശനിയാഴ്ച സബ് സോൺ കരിസ്മാറ്റിക് കുടുംബോത്സവം സീറോ മലബാർ സഭ കുരിയാ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയം പുരക്കൽ നിർവഹിച്ചു. കുടുംബോത്സവ സന്ദേശം കെ. സി. എസ്. സി. അംഗം സാബു എം. വർഗീസ് നൽകി. അതിരൂപത കരിസ്മാറ്റിക് അസിസ്റ്റൻറ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ

വിശുദ്ധബലി അർപ്പിച്ചു. സബ് സോൺ ആനിമേറ്റർ ദിവ്യകാരുണ്യ ആരാധന നടത്തി.

**മധ്യസ്ഥപ്രാർത്ഥന**

വൈദികർക്ക് വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന എല്ലാ ദിവസവും രണ്ട് വൈദികർക്ക് ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു.

**ഏകദിനകൂട്ടായ്മകൾ**

അതിരൂപതയിലെ വചനപ്രഘോഷകരുടെയും സ്പിരിച്ചൽ ഷെയറിങ് നടത്തുന്നവരുടെയും കൂട്ടായ്മയായ പാരിഷ് മിനിസ്ട്രി ഏകദിനം ഒക്ടോബർ മാസത്തിലെ ആദ്യ തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. എല്ലാ മാസവും രണ്ടാം വ്യാഴാഴ്ച മധ്യസ്ഥ പ്രാർത്ഥന ഏകദിന കൂട്ടായ്മ രാവിലെ 9.30 മുതൽ 1.30 വരെ, എല്ലാം 3 വ്യാഴാഴ്ചകളിലും കപ്പിൾസ് മിനിസ്ട്രി കൂട്ടായ്മ, നാലാമത്തെ വ്യാഴാഴ്ചകളിലും തൂവാനീസ് മിനിസ്ട്രി കൂട്ടായ്മ എന്നിങ്ങനെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ മധ്യസ്ഥ പ്രാർത്ഥന ആബാ ധ്യാന കേന്ദ്രത്തിൽ നടന്നുവരുന്നു.

**തിരുസന്നിധി**

ഒക്ടോബർ മാസം പതിനെട്ടാം തീയതി ആബാ ധ്യാനകേന്ദ്രത്തിൽ കേന്ദ്രത്തിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളാക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് ആരാധന നയിച്ചു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ




ഭൂസംരക്ഷണ അവകാശങ്ങൾക്കായി പോരാടുന്ന
മുനമ്പം നിവാസിക്കൾക്ക്
തൃശ്ശൂർ അതിരൂപതയുടെ ഐക്യദാർഢ്യം




ബോൺ നത്താലെ 2024
ഡിസംബർ 27ന്

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2024
**December - 2024**

## അഭിവന്ദ്യപിതാക്കന്മാർക്ക് ജന്മദിനാശംസകൾ
## ഡിസംബർ 13



95

**മാർ ജേക്കബ്**
**തുങ്കൂഴി**



74

**മാർ ആൻഡ്രൂസ്**
**താഴത്ത്**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor